Uncorrected/Not for publication
29-09-2025

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*121)

**കലാകാര പെൻഷൻ**

1 (*121) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർധനരായ കലാകാരന്മാർക്കും സാഹിത്യകാരൻമാർക്കും പ്രതിമാസ സഹായമായി നൽകുന്ന കലാകാര പെൻഷൻ നിലവിൽ എത്ര പേർക്ക് നൽകുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രതിമാസം എത്ര തുകയാണ് പെൻഷൻ നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(സി) സാംസ്കാരിക വകുപ്പ് മുഖേന കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായമായി ഈ സർക്കാർ കാലയളവിൽ എത്ര പേർക്ക് എത്ര തുക അനുവദിച്ചുവെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

Uncorrected/Not for publication
29-09-2025

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) സംസ്ഥാനത്ത് നിർധനരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സഹായമായി നൽകുന്ന കലാകാര പെൻഷൻ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന 1876 പേർക്കും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽനിന്ന് 164 പേർക്കും നൽകുന്നുണ്ട്. ഇതുകൂടാതെ, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖേന 4315 പേർക്ക് പ്രതിമാസം 4,000/- രൂപ നിരക്കിൽ സൂപ്പർആന്വേഷൻ പെൻഷനും 351 പേർക്ക് 1,100/- രൂപ നിരക്കിൽ ഫാമിലി പെൻഷനും 5 പേർക്ക് 1,100/- രൂപ നിരക്കിൽ അവശതാ പെൻഷനും നൽകിവരുന്നു.

(ബി) കലാകാര പെൻഷൻ ഇനത്തിൽ പ്രതിമാസം 1,600/- രൂപ നൽകിവരുന്നുണ്ട്.

(സി) സാംസ്കാരിക വകുപ്പിൽനിന്നും 977 കലാകാരന്മാർക്ക് 3,29,10,075/- (മൂന്ന് കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി പതിനായിരത്തി എഴുപത്തിയഞ്ച്) രൂപ ഇതുവരെ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, 2011-16 കാലയളവിൽ കലാകാര പെൻഷൻ ഇനത്തിൽ ആകെ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും 2016 മുതൽ 2021 വരെ എത്ര രൂപയാണ് വിതരണം ചെയ്തതെന്നും വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, 2011-16 കാലയളവിൽ കലാകാര പെൻഷൻ ഇനത്തിൽ ആകെ 10,27,70,696/- രൂപയാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിതരണം ചെയ്തിട്ടുള്ളത്. ഒന്നാം പിണറായി സർക്കാർ അധികാരത്തിലുണ്ടായിരുന്ന 2016 മുതൽ 2021 വരെ 24,47,18,407/- രൂപ കലാകാര പെൻഷൻ ഇനത്തിൽ കൊടുത്തു. ഏതാണ്ട് ഇരട്ടിയിൽ കൂടുതൽ തുക പെൻഷനായി കൊടുത്തു. രണ്ടാം പിണറായി സർക്കാർ 2021 മുതൽ 2025 സെപ്റ്റംബർ മാസം വരെ 19,96,19,310/- രൂപ വിതരണം ചെയ്തിട്ടുണ്ട്. അത്തരത്തിൽ രണ്ട് പിണറായി സർക്കാരുകളുടെ ഒമ്പത് വർഷക്കാലം 44,43,37,717/- രൂപ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കേരള ചരിത്രത്തിലെ ഏറ്റവും വലിയ ധനസഹായമാണ് സർക്കാർ കൊടുത്തത്.

ശ്രീ. ഡി. കെ. മുരളി: സർ, 2015-16 കാലയളവിൽ കലാകാര പെൻഷൻ എത്ര രൂപയായിരുന്നുവെന്നും നിലവിലെ പെൻഷൻ എന്നുമുതലാണ് വർധിപ്പിച്ചതെന്നും വ്യക്തമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, 2015-16 കാലയളവിൽ 750/- രൂപയായിരുന്ന കലാകാര പെൻഷൻ 2017-ൽ ഇരട്ടിയാക്കി; 1,500/- രൂപയാക്കി വർധിപ്പിച്ചു. നിലവിലുള്ള 1,600/- രൂപ പെൻഷൻ 2021 മുതലാണ് നൽകിവരുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, കലാകാര പെൻഷന് ഏതെല്ലാം വിഭാഗം കലാകാരന്മാർക്കാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതിയാണിത്. സാഹിത്യം, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, പഞ്ചവാദ്യം, നാടൻകലകൾ, ആദിവാസി കലകൾ, മേളപ്രമാണിമാർ എന്നിങ്ങനെ കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാരംഗത്തുള്ളവർക്കാണ് ക്ഷേമ പെൻഷന്

അപേക്ഷിക്കാനാകുന്നത്. സിനിമയുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ചലചിത്ര അക്കാദമി വഴി പെൻഷൻ നൽകുന്നതിനാൽ ഈ പദ്ധതി പ്രകാരം അപേക്ഷിക്കാനാകില്ല. അറുപത് വയസ്സിന് മുകളിൽ പ്രായമുള്ളവർക്കും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവർക്കുമാണ് പെൻഷന് അർഹതയുള്ളത്. 2021 ഫെബ്രുവരി മാസം മുതൽ പ്രസ്തുത പെൻഷൻ 1,500/- രൂപയിൽനിന്നും 1,600/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, നൂറ്റാണ്ടുകൾ പഴക്കമുള്ള കേരളീയ കലാ-സാംസ്കാരിക പാരമ്പര്യം നേടിയെടുക്കാൻ ചെറുതും വലുതുമായ സംഭാവനകൾ നൽകിയ നിരവധി കലാകാരന്മാരെ ചേർത്തുപിടിക്കുന്ന സർക്കാരിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഈ കലാകാരന്മാർക്ക് പെൻഷൻ കൊടുക്കുന്നതുകൂടാതെ മറ്റ് എന്തെല്ലാം വ്യക്തിഗത ആനുകൂല്യങ്ങളാണ് സാംസ്കാരിക വകുപ്പ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, കലാകാര പെൻഷൻ കൂടാതെ അന്തരിച്ച പ്രമുഖ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും പ്രത്യേക ധനസഹായവും നിർധനരായ കലാകാരന്മാർക്കുള്ള

അടിയന്തര ധനസഹായവും വിവിധ സാംസ്കാരിക സ്ഥാപനങ്ങളിൽനിന്നും വിരമിച്ചവർക്ക് പെൻഷനും 1000 യുവകലാകാരന്മാർക്ക് പ്രതിമാസം 17,500/- രൂപ നിരക്കിൽ വജ്രജൂബിലി ഫെലോഷിപ്പും നൽകുന്നുണ്ട്. വിവിധ കലാവിഭാഗങ്ങളിൽ നിന്നുള്ള നാല്പത് വയസ് കഴിഞ്ഞ കലാകാരന്മാർക്ക് നൽകുന്ന ഫെലോഷിപ്പ് പദ്ധതിയുമുണ്ട്. ഗ്രാമീണ കലാകേന്ദ്രം പദ്ധതി പ്രകാരം നാടൻ കലാകാരന്മാരുടെയും കൈത്തൊഴിലാളികളുടെയും കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉപജീവനത്തിനുമായി അവരുടെ സംഘങ്ങൾക്ക് നൽകുന്ന ധനസഹായം ഇപ്പോഴുണ്ട്. ഈ ധനസഹായത്തിന്റെ ഫലമായി നിരവധി ആളുകൾക്ക് പുതുതായി തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളെല്ലാം ഇന്ന് നല്ല നിലയിൽതന്നെ മാർക്കറ്റ് ചെയ്യാൻ കഴിയുന്നുണ്ട്. അതുവഴി നല്ല മാറ്റം ആ മേഖലയിൽ ഉണ്ടാക്കാൻ കഴിയുന്നുണ്ട്.

<u>ശ്രീ. എച്ച്. സലാം</u>: സർ, ജീവിതം മുഴുവൻ കലയ്ക്കും സാഹിത്യത്തിനും സമർപ്പിച്ച ആയിരക്കണക്കിന് മനുഷ്യർ ജീവിതത്തിന്റെ സായന്തനത്തിൽ രോഗംമൂലം പ്രയാസപ്പെടുന്നവരാണ്. ഇവർക്ക് ഇതുവരെ എത്ര രൂപ

ചികിത്സാ ധനസഹായമായി ഈ ഗവൺമെന്റ് നൽകിയിട്ടുണ്ട്; അത് വർധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കലാകാരന്മാർക്ക് 30,83,118/- രൂപ ചികിത്സാ ധനസഹായമായി സാംസ്കാരിക വകുപ്പ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ കേരള ചലചിത്ര അക്കാദമി 36,50,171/- രൂപയും കേരള ഫോക്ക്‌ലോർ അക്കാദമി വഴി 40,62,000/- രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖേന 562 പേർക്കായി 2,14,78,355/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഒരുപാട് തുളു നാടക കലാകാരന്മാരുടെ നാടാണ് മഞ്ചേശ്വരം. ആയിരം വർഷത്തെ പഴക്കമുള്ള ചരിത്രമുള്ള സാംസ്കാരിക പൈതൃകമുള്ള ഒരു ഭാഷയാണ് തുളു. ഈ അടുത്ത കാലത്ത് പുറത്തിറങ്ങിയ 'സു ഫ്രം സോ (സുലോചന ഫ്രം സോമേശ്വര)' എന്ന ഒരു സിനിമ എന്റെ നാട്ടിലെ തുളു നാടക കലാകാരന്മാർ നിർമ്മിച്ചതാണ്. തുളു നാടക കലാകാരനായ ശ്രീ. ജെ. പി. തുമിനാട്

സംവിധാനം ചെയ്ത ആ സിനിമ മലയാളികൾ ഏറ്റെടുത്ത് 100 കോടി കടന്ന ചിത്രമായായിരുന്നു. ആ തുളു കലാകാരന്മാർ കോവിഡ് കാലത്ത് വലിയ പ്രതിസന്ധി അനുഭവിച്ചവരാണ്. തുളു ഭാഷയിലെ സാഹിത്യ-നാടക കലാകാരന്മാർക്ക് കലാകാര പെൻഷൻ ലഭിക്കുന്നില്ല. അത് നൽകാൻ എന്തെങ്കിലും ഇടപെടൽ നടത്തുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇപ്പോൾ ക്ഷേമനിധി പെൻഷനുകൾ എല്ലാം പരിഷ്കരിക്കാനുള്ള ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇനിയും തുളു കലാകാരന്മാരടക്കം ആരെയെങ്കിലും ഇതിൽ ഉൾപ്പെടുത്തണമെന്നുണ്ടെങ്കിൽ ഈ പരിഷ്കരിക്കുന്ന പദ്ധതിയുടെ സ്കീമിനുള്ളിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്. വിട്ടുപോയവരെയും ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ കലാകാരന്മാരെയും ചേർത്തുപിടിക്കുന്ന ഒരു സമീപനമായിരിക്കും ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വടക്കൻ കേരളത്തിലെ ആരാധനാലയങ്ങളിൽ പൂരോത്സവ കാലത്ത് നടന്നുവരുന്ന അനുഷ്ഠാന കലാരൂപങ്ങളിൽ ഒന്നാണ് പൂരക്കളിയും മറത്തുകളിയും. പൂരക്കളി കലാകാരന്മാർക്ക് മറ്റ് കലാ പ്രവർത്തകരോടൊപ്പം ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ ഏതൊക്കെ നിലയിലാണ് നടന്നുവരുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, ഇപ്പോൾ നമ്മൾ കൊടുക്കുന്ന പദ്ധതികളിലെല്ലാം പൂരക്കളി കലാകാരന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി പെൻഷനുകൾ പരിഷ്കരിക്കാൻ നിലവിൽ നടക്കുന്ന ആലോചനയിൽ പൂരക്കളി കലാകാരന്മാരെയും ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, സംസ്ഥാനത്ത് സിനിമാ അവാർഡുകൾ പ്രഖ്യാപിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയാണ്. പക്ഷെ നാടക അക്കാദമി നടത്തുന്ന നാടക മത്സരത്തിന്റെ അവാർഡുകൾ പ്രഖ്യാപിക്കുന്നത് അക്കാദമി സെക്രട്ടറി പത്രസമ്മേളനത്തിലൂടെയാണ്. ഇപ്പോൾ അതുപോലും നിർത്തിവച്ചുകൊണ്ട്, അക്കാദമിയുടെ കഴിഞ്ഞ നാടക മത്സരത്തിന്റെ അവാർഡുകൾ പ്രഖ്യാപിച്ചത് ഫേസ്ബുക്കിലൂടെയാണ്. ഇതൊരു വേർതിരിവാണ്. മാത്രമല്ല, അത് വളരെ വേദനാജനകവുമാണ്. സംസ്ഥാന

അവാർഡുകൾ പണ്ട് പത്രത്തിന്റെ മുൻ പേജിലാണ് വന്നിരുന്നതെങ്കിൽ ഇപ്പോൾ ചരമ കോളത്തിനേക്കാൾ കഷ്ടമായി വെറും ചെറിയൊരു വാർത്തയായാണ് ഒതുങ്ങുന്നത്. അതുകൊണ്ട് അടുത്ത തവണത്തെ സംസ്ഥാന പ്രൊഫഷണൽ നാടക അവാർഡ് ബഹുമാനപ്പെട്ട മന്ത്രി പത്രസമ്മേളനം നടത്തി പ്രഖ്യാപിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, സിനിമയ്ക്ക് കൊടുക്കുന്ന പ്രാധാന്യം നാടകത്തിന് കൊടുക്കുന്നില്ല എന്നുപറയുന്നത് ശരിയല്ല. സംഗീത-നാടക അക്കാദമിയുടെ നേതൃത്വത്തിൽ ഒരുപാട് പദ്ധതികൾ നാടക കലാകാരന്മാർക്കുവേണ്ടി ചെയ്യുന്നുണ്ട്. കായംകുളത്ത് ഒരു സ്ഥിരം നാടക വേദി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അത്തരത്തിൽ ഒരുപാട് കാര്യങ്ങളിൽ ഇടപെടുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. നിലവിലുള്ള സംവിധാനമനുസരിച്ച് നാടക അക്കാദമിയുടെ ഭാരവാഹികളാണ് പ്രൊഫഷണൽ നാടക അവാർഡുകൾ പ്രഖ്യാപിക്കുന്നത്. അതിൽ മാറ്റം വരുത്താൻ കഴിയുമോയെന്നുള്ളത് ആലോചിച്ച് തീരുമാനമെടുക്കാം. അവാർഡുകൾ മന്ത്രി പ്രഖ്യാപിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് എന്തെങ്കിലും ഗുണമുണ്ടെങ്കിൽ

തീർച്ചയായും ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം പരിഗണിക്കുന്നതാണ്. സിനിമാ രംഗത്തുള്ള പ്രശ്നമെന്തെന്നാൽ, പൊതുവെ ആളുകൾ കൂടുതൽ ഇഷ്ടപ്പെടുന്ന ഒരു കലാരൂപമെന്ന നിലയിൽ അതിന് കുറച്ച് പ്രാധാന്യം കൂടുതൽ കൊടുക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഒരു സന്തോഷവാർത്തകൂടി അറിയിക്കാം. ശ്രീ. മോഹൻലാലിന് ദേശീയ പുരസ്കാരം ലഭിച്ചതുമായി ബന്ധപ്പെട്ട് 2025 ഒക്ടോബർ മാസം 4-ാം തീയതി വൈകുന്നേരം അഞ്ച് മണിക്ക് തിരുവനന്തപുരത്തുവച്ച് അത്യുജ്ജ്വലമായ ഒരു വരവേൽപ്പ് അദ്ദേഹത്തിന് കൊടുക്കുന്നുണ്ട്. എല്ലാ അംഗങ്ങളും അതിൽ പങ്കെടുക്കണമെന്ന് അഭ്യർഥിക്കുകയാണ്, എല്ലാവരെയും ഞാൻ ക്ഷണിക്കുകയാണ്.

മി. സ്പീക്കർ: പത്രത്തിൽ കൊടുക്കുന്ന സ്പേസിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നതല്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കലാകാര പെൻഷൻ വളരെ കുറച്ച് ആളുകൾക്കാണ് മാത്രമാണ് നൽകുന്നത്. പക്ഷെ അതിൽതന്നെ ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുവന്ന രണ്ട് ഉത്തരവുകൾ വഴി ക്ഷേമനിധി

പെൻഷൻ വാങ്ങുന്നവരുടെ സാമൂഹ്യ പെൻഷൻ നിർത്തലാക്കിയിട്ടുണ്ട്. രണ്ട് ഉത്തരവുകളും ആദ്യം ഇറങ്ങുന്ന സമയത്ത് കലാകാരന്മാരെ അതിൽനിന്നും ഒഴിവാക്കിയിരുന്നു. അതായത് സാംസ്കാരിക വകുപ്പ് വഴി കലാകാരന്മാർക്ക് കൊടുക്കുന്ന പെൻഷൻ കൂടാതെ അവർക്ക് ക്ഷേമനിധി പെൻഷനും ലഭ്യമായിരുന്നു. ക്ഷേമനിധി പെൻഷൻ വാങ്ങുന്നവരുടെ സാമൂഹ്യ പെൻഷൻ നിർത്തലാക്കിയ ഉത്തരവിൽ കലാകാരൻമാർ ഉൾപ്പെട്ടിരുന്നില്ല. പക്ഷെ പിന്നീട് ഒരു സർക്കാർ ഉത്തരവ് വഴി സാംസ്കാരിക ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് സാമൂഹ്യ പെൻഷൻ നിഷേധിക്കുന്ന ഒരു നടപടിയുണ്ടായി. കലാകാരന്മാർ വളരെ പാവങ്ങളാണ്. തുച്ഛമായ 1,600/- രൂപയാണ് അവർക്ക് ലഭിക്കുന്നത്. ഈ പാവങ്ങൾക്ക് കലാകാര ക്ഷേമനിധി പെൻഷൻ ലഭിക്കുന്നതിന്റെ പേരിൽ സാമൂഹ്യ പെൻഷൻ ഒഴിവാക്കുന്ന നടപടി നിർത്തലാക്കി അവർക്ക് വീണ്ടും സാമൂഹ്യ പെൻഷൻകൂടി ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, സാമൂഹ്യ പെൻഷൻ നമ്മുടെ നാട്ടിൽ 1,600/- രൂപ വീതം കൃത്യമായി കൊടുക്കുന്നുണ്ട്. നേരത്തെ ഉണ്ടായിരുന്ന 600/- രൂപയിൽനിന്നാണ് 1,600/- രൂപയാക്കി വർധിപ്പിച്ചത്.

കലാകാരന്മാരുടെ സൂപ്പർആന്വേഷൻ പെൻഷൻ 4,000/- രൂപയാണ്. അതിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. എല്ലാ കലാകാരന്മാരെയും അതിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. ഘട്ടംഘട്ടമായി അതിന്റെ എണ്ണത്തിൽ വർധന വരുത്തുന്നുണ്ട്. ആ രൂപത്തിൽ അത് പരിഗണിക്കുന്നുണ്ട്. അതുപോലെതന്നെ 1,600/- രൂപ എന്നുള്ളത് വർധിപ്പിക്കണം എന്നുണ്ടെങ്കിൽ പൊതുവായ ഒരു സംവിധാനത്തിന്റെ ഭാഗമായി മാത്രമേ സാധിക്കുകയുള്ളൂ. അത് ഗവൺമെന്റ് മൊത്തത്തിൽ ആലോചിക്കേണ്ട കാര്യമാണ്. എന്തായാലും ഒരു കാര്യം ഞാൻ പറയാം. നേരത്തെയുണ്ടായിരുന്ന 750/- രൂപ ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് 1,500/- രൂപയാക്കി. ഇപ്പോൾ രണ്ടാം പിണറായി ഗവൺമെന്റിന്റെ കാലത്ത് 1,600/- രൂപയാക്കി. അത് കൃത്യമായി എല്ലാ കലാകാരന്മാർക്കും നൽകുന്നുണ്ട്.

### നാലുവർഷ ബിരുദ പഠന ക്രമീകരണം

2 (*122) ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ദെലിമ:
ശ്രീ. കെ. എം. സച്ചിൻദേവ്:

Uncorrected/Not for publication


ശ്രീ. വി. കെ പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമിൽ തൊഴിൽ രംഗത്തേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനനുസൃതമായും ഗവേഷണ രംഗത്തേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്ക് അതിനനുസൃതമായും തങ്ങളുടെ ബിരുദ പഠനം ക്രമീകരിക്കാൻ അവസരമുണ്ടോ; വിശദാംശം നൽകാമോ;

(ബി) നാലുവർഷ പ്രോഗ്രാമിൽ അവസാന വർഷത്തെ പ്രോജക്ട്/ഇന്റേൺഷിപ്പ് എങ്ങനെയാണ് വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തി ചെയ്യാൻ സാധിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) നാലുവർഷ ബിരുദ പ്രോഗ്രാമിനുശേഷം പി.ജി. പഠനം നടത്താതെ തന്നെ പി.എച്ച്.ഡി. ഗവേഷണ മേഖലയിലേക്ക് പ്രവേശിക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി: (ഡോ. ആർ. ബിന്ദു): സർ,

(എ) വിദ്യാർഥികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും ഉന്നത പഠന-ഗവേഷണ മേഖലകളിൽ പ്രവേശിക്കുന്നതിനും അനുയോജ്യമായ വിവിധ പഠന പാതകൾ (Learning pathways) ഒരുക്കുന്ന തരത്തിലാണ് നാലുവർഷ ബിരുദ പദ്ധതി (FYUGP) രൂപകല്പന ചെയ്തിരിക്കുന്നത്.

ബിരുദ പഠനം പൂർത്തിയാക്കിയ ഉടൻതന്നെ ജോലി തേടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് തങ്ങളുടെ ബിരുദ പഠനത്തിന്റെ ഭാഗമായ മൈനർ വിഷയങ്ങൾ തൊഴിൽ ആഭിമുഖ്യമുള്ള (vocational) പ്രോഗ്രാമുകളിൽ നിന്ന് തിരഞ്ഞെടുക്കാവുന്നതാണ്. തൊഴിൽ ആഭിമുഖ്യമുള്ള മൈനർ വിഷയങ്ങൾ, കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (CSDCCP) മുഖേന ഷോർട്ട്-ടേം സ്കിൽ ട്രെയിനിങ് കോഴ്സുകളായി  ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനായി കേരള സർക്കാർ ASAP Kerala, ICT അക്കാദമി, Keltron, CCEK, C-Apt, LBS, IHRD, Rutronix, *KASE* തുടങ്ങിയ പ്രമുഖ സർക്കാർ ഏജൻസികളെ തൊഴിൽ പരിശീലന പ്രോഗ്രാമുകൾ നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

അതേസമയം, ഉന്നത പഠനത്തിലും ഗവേഷണത്തിലും പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് മികച്ച അവസരങ്ങളും FYUGP ഒരുക്കുന്നു. നാലാം വർഷത്തിൽ, വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ്/പ്രോജക്ട് തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്ന ഓണേഴ്സ് പ്രോഗ്രാം തിരഞ്ഞെടുക്കാൻ കഴിയും. ഇത് അവർക്ക് പ്രൊഫഷണൽ അനുഭവം നേടുന്നതിനും യാഥാർഥ്യ ലോകത്തിലെ വെല്ലുവിളികളുമായി നേരിട്ട് പരിചയപ്പെടുന്നതിനും സഹായിക്കുന്നു. ഓണേഴ്സ് വിത്ത് റിസർച്ച് തിരഞ്ഞെടുക്കുന്നവർക്ക് ഗവേഷണ രീതികളിൽ പരിശീലനവും പ്രായോഗിക ഗവേഷണാനുഭവവും നൽകുന്നു. ഇതുവഴി വിദ്യാർഥികൾക്ക് പോസ്റ്റ്-ഗ്രാജുവേറ്റ് പഠനം, നേരിട്ട് ഗവേഷണ പഠനം നടത്താനുള്ള അവസരം, വൈവിധ്യമാർന്ന ഗവേഷണ മേഖലകൾ, മറ്റ് പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം തുടങ്ങിയ അവസരങ്ങൾ ഉറപ്പാക്കാൻ സഹായിക്കുന്നു.

(ബി) സംസ്ഥാന ബി.വോക് (BVoc) പ്രോഗ്രാമുകളുടെ കരിക്കുലവും നാല് വർഷ ബിരുദ പദ്ധതിയുടെ (FYUGP) കരിക്കുലവും തൊഴിൽസാധ്യത വർധിപ്പിക്കുന്നതിനായി വ്യവസായവുമായി നേരിട്ട് ബന്ധിപ്പിച്ചുള്ള പഠന-പരിശീലന ഘടകങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാണ് രൂപകല്പന

ചെയ്തിരിക്കുന്നത്. ബി.വോക് പ്രോഗ്രാമുകളുടെ നാലാം വർഷം, വ്യാവസായിക പരിശീലന പഠനം (Industry-Embedded) വഴിയോ അല്ലെങ്കിൽ/അപ്രന്റീസ് അധിഷ്ഠിത പരിശീലനം (Apprenticeship-Embedded) വഴിയോ പൂർത്തീകരിക്കാൻ സാധിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിലൂടെ വിദ്യാർഥികൾക്ക് ക്ലാസ് മുറിയിൽ പഠിച്ചതിനെ നേരിട്ട് വ്യവസായ മേഖലയിൽ പ്രയോഗിക്കാനും, ജോലി സ്ഥലത്തിന്റെ പ്രവർത്തനരീതികളും സംസ്കാരവും മനസ്സിലാക്കാനും തൊഴിൽ വിപണിയിൽ ആവശ്യമായ പ്രായോഗിക കഴിവുകൾ കൈവരിക്കാനും സഹായകരമായിരിക്കും.

അതുപോലെ, FYUGP-യിലെ നാലാം വർഷ ഓണേഴ്സ് പ്രോഗ്രാമിൽ വ്യവസായ പ്രോജക്റ്റ് അല്ലെങ്കിൽ ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി വിദ്യാർഥികൾക്ക് കമ്പനികളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രൊഫഷണൽ സംഘടനകളിലും പ്രവർത്തിച്ച് യാഥാർഥ്യ ലോക പ്രശ്നങ്ങൾ പരിഹരിക്കാനും വിലപ്പെട്ട പ്രവൃത്തിപരിചയം നേടാനും സാധിക്കും. അക്കാദമിക് പഠനവും വ്യവസായത്തിൽ നിന്നുള്ള പ്രായോഗിക പരിചയവും സമന്വയിപ്പിക്കുന്ന ഈ മാതൃക, വിദ്യാർഥികളെ സിദ്ധാന്തത്തിൽ മാത്രമല്ല

പ്രായോഗികമായി പ്രവർത്തിക്കാൻ കഴിവുള്ളവരാക്കി മാറ്റുകയും ചെയ്യുന്നു. തൊഴിൽ മേഖലയിൽ മത്സരാധിഷ്ഠിതമായ graduates-നെ സൃഷ്ടിക്കാനും സംരംഭകത്വ അവസരങ്ങൾ തുറക്കാനും ഇത് സഹായകരമാകുന്നു.

(സി) നാലുവർഷ ബിരുദ പദ്ധതി (FYUGP) കുറഞ്ഞത് 75% മാർക്ക് സഹിതം ഓണേഴ്സ് പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയാൽ, നേരിട്ട് ഗവേഷണ പരിപാടികളിലേക്കും/പി.എച്ച്.ഡി. പ്രോഗ്രാമുകളിലേക്കും പ്രവേശനം നേടാൻ അർഹതയുണ്ട്. ഈ സംവിധാനം ബിരുദ പഠനത്തിൽ നിന്ന് ഗവേഷണത്തിലേക്കുള്ള സുഗമമായ അക്കാദമിക് പാത ഒരുക്കുന്നതിനൊപ്പം, ഗവേഷണ താൽപര്യമുള്ള മികച്ച കഴിവുള്ള വിദ്യാർഥികൾക്ക് വളരെ വേഗം ഉയർന്ന പഠനത്തിലേക്ക് കടക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നു.

ശ്രീ. പി. പി. സുമോദ്: സർ, രണ്ടാം പിണറായി സർക്കാർ നന്നായി ഫോക്കസ് ചെയ്യുന്ന ഒരു മേഖല ഉന്നത വിദ്യാഭ്യാസ മേഖലയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ കാലോചിതമായ പരിഷ്കാരങ്ങളും മാറ്റങ്ങളുമെല്ലാം ഉണ്ടാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ബിരുദ തലത്തിലുള്ള കരിക്കുലം

പരിഷ്കരണത്തിന് അനുബന്ധമായി പോസ്റ്റ് ഗ്രാജുവേറ്റ് തലത്തിൽ പരിഷ്കരണം നടപ്പിലാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ദ്വിമുഖമായ ഒരു സമീപനത്തോടുകൂടിയാണ് യു.ജി. കരിക്കുലം ചരിത്രത്തിൽ ആദ്യമായി സമഗ്രമായ നിലയിൽ തയ്യാറാക്കിയത്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ്പ് നികത്താനുതകുന്ന വിധത്തിലും അതേസമയംതന്നെ റിസർച്ച് ഓറിയന്റഡായിട്ടുള്ള ആക്ടിവിറ്റീസിന് പ്രാധാന്യം നൽകിക്കൊണ്ട് ഗവേഷണാത്മക പഠനങ്ങൾ പ്രോത്സാഹിപ്പിക്കാനുമുള്ള സംവിധാനം നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ബിരുദ തലത്തിൽ നടപ്പാക്കിയ കരിക്കുലം പരിഷ്കരണത്തിന്റെ തുടർച്ചയെന്ന നിലയിൽ ബിരുദാനന്തര ബിരുദ തലത്തിലും കരിക്കുലം പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഡോ. സജി ഗോപിനാഥ് അധ്യക്ഷനായ കരിക്കുലം പരിഷ്കരണ സമിതി ഒരു കരട് പി.ജി. കരിക്കുലം തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്. നേരത്തെ യു.ജി. കരിക്കുലം പരിഷ്കരണത്തിന് നേതൃത്വം നൽകിയ ഡോ. സുരേഷ് ദാസ്

നേതൃത്വം നൽകുന്ന സമിതിയും അതോടൊപ്പംതന്നെ പ്രവർത്തിക്കുന്നുണ്ട്. കരട് കരിക്കുലത്തെക്കുറിച്ച് സർവകലാശാലകളുടെ അഭിപ്രായം ആരായാൻ കൊച്ചി സർവകലാശാലയിൽവച്ച് ഒരു ശിൽപ്പശാലയും സംഘടിപ്പിക്കപ്പെട്ടിരുന്നു. സർവകലാശാലയുടെ പ്രതിനിധികൾ പങ്കെടുത്ത ആ ശിൽപ്പശാലയിൽ ഈ കരിക്കുലത്തിന്റെ ഡ്രാഫ്റ്റ് സമഗ്രമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഇനി സർവകലാശാല തലത്തിലും വിശദമായ ചർച്ചകൾക്കുശേഷം അത് നടപ്പാക്കും. യു.ജി.സി.-യുടെ കരിക്കുലം ഫ്രെയിംവർക്ക് മുന്നോട്ടുവയ്ക്കുന്ന ഘടനയ്ക്ക് വിരുദ്ധമാകാതെ, എന്നാൽ കേരളത്തിന്റെ സവിശേഷമായ സാഹചര്യം പരിഗണിച്ചുകൊണ്ടും നമ്മൾ ഉയർത്തിപിടിക്കുന്ന മാനവികതയും സാമൂഹ്യനീതിയും അടിസ്ഥാനമാക്കിയുള്ള മൂല്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ടുമായിരിക്കും പി.ജി. കരിക്കുലം പരിഷ്കരണവും പൂർത്തീകരിക്കുന്നത്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, കൂടുതൽ അക്കാദമിക് നിലവാരമുള്ള, കൂടുതൽ വിഷയങ്ങളും ഉയർന്ന ഗ്രേഡ് മാനദണ്ഡങ്ങളും കൂടുതൽ ആഴത്തിലുള്ള പഠനവും ഉറപ്പുവരുത്തുന്ന ഓണേഴ്സ് വിത്ത് റിസർച്ച് ചെയ്യാനുള്ള

സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ലഭ്യമാണോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ബിരുദ പഠനത്തിനുശേഷം ഗവേഷണ മേഖലയിലേക്കും അധ്യാപന മേഖലയിലേക്കും കടക്കാൻ തൽപരരായ വിദ്യാർത്ഥികൾക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ഡിഗ്രി തിരഞ്ഞെടുക്കുന്നതിനുള്ള സാഹചര്യം ഫോർ ഇയർ യു.ജി. പ്രോഗ്രാമിന്റെ ഭാഗമായിട്ടുണ്ട്. ഒരു വർഷത്തെ തൊഴിൽ ആഭിമുഖ്യവും സംരംഭകത്വ താൽപര്യവും പ്രോൽസാഹിപ്പിക്കുകയും മറുവശത്ത് സമൂഹത്തിന് ആവശ്യമായ പുത്തൻ അറിവുകൾ സൃഷ്ടിക്കാൻ കഴിവുള്ള ഗവേഷണോന്മുഖ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുമാണ് ഫോർ ഇയർ യു.ജി. പ്രോഗ്രാമിലൂടെ വിദ്യാർത്ഥികൾക്ക് സാധിക്കുന്നത്. കൂടുതൽ ജിജ്ഞാസുക്കളായ വിദ്യാർത്ഥികൾക്ക് ഗവേഷണാത്മക പഠനങ്ങൾ പ്രാരംഭ ഘട്ടത്തിൽത്തന്നെ പ്രോത്സാഹിപ്പിക്കാനുതകുന്ന രീതിയിലാണ് അതിന്റെ കരിക്കുലം തയ്യാറാക്കിയിട്ടുള്ളത്. ആദ്യത്തെ ആറ് സെമസ്റ്ററുകളിൽ കുറഞ്ഞത് 75 ശതമാനം മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്കാണ് അത്തരം അവസരം ലഭിക്കുന്നത്. ഓണേഴ്സ് വിത്ത് റിസർച്ച് ചെയ്യുന്ന വിദ്യാർത്ഥികൾ ഒരു

അധ്യാപകന്റെ അല്ലെങ്കിൽ അധ്യാപികയുടെകൂടെ അവസാന വർഷം ഒരു ഗവേഷണ പ്രോജക്ട് ചെയ്യേണ്ടതുണ്ട്. യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിധേയമായി റിസർച്ച് ഗൈഡുകൾ ആകാൻ യോഗ്യതയുള്ള അധ്യാപകരുടെ കൂടെയാണ് ഈ ഗവേഷണ പ്രോജക്ട് ചെയ്യേണ്ടത്. ഇതിനാവശ്യമായ വിധത്തിൽ നമ്മുടെ സർവകലാശാലകളിലെയും കലാലയങ്ങളിലെയും റിസർച്ച് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലടക്കം യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിധേയമായി റിസർച്ച് സെന്റർ അനുവദിക്കുന്നതിനും അധ്യാപകരെ കൂടുതലായി റിസർച്ച് ഗൈഡുകളായി തിരഞ്ഞെടുക്കുന്നതിനും ഈ കാലയളവിൽ സാധിക്കുന്നുണ്ട്. നേരത്തെ സർക്കാർ എയ്ഡഡ് കോളേജുകളിൽ മാത്രമായിരുന്നു റിസർച്ച് സെന്ററുകൾ അനുവദിച്ചിരുന്നത്. ഇപ്പോൾ നിലവാരമുള്ള സ്വാശ്രയ കോളേജുകളിലും യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായി റിസർച്ച് സെന്ററുകൾ അനുവദിക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 6000 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിന്യസിപ്പിക്കാനും പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിൽ ബഹുദൂരം മുന്നോട്ടുപോകാനും സാധിച്ചിട്ടുണ്ട്. മികച്ച

സൗകര്യങ്ങളും ആധുനിക ഉപകരണങ്ങൾ സജ്ജീകരിച്ചതുമായ ലാബ് കോംപ്ലക്സുകൾ ഇതിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുണ്ട്. കേരള സർവകലാശാലയിലും എം.ജി. സർവകലാശാലയിലുമുള്ള സെൻട്രലൈസ്ഡ് ലാബ് ഫെസിലിറ്റീസ് ഇന്ന് സൗത്ത് ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച പരീക്ഷണശാല കോംപ്ലക്സുകളാണ്. അതുപോലെ, കിഫ്ബിയുടെ ഭാഗമായി ലബോറട്ടറി എക്യുപ്മെന്റ്സ് വാങ്ങുന്നതിനും ലാബ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി 250 കോടി രൂപയാണ് കുസാറ്റിൽ നൽകിയിട്ടുള്ളത്. ട്രാൻസിലേഷണൽ റിസർച്ച് സെന്ററുകൾക്കും കൂടുതലായി ഫണ്ട് അനുവദിക്കുന്ന സമീപനമാണ് ബജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് റിസർച്ച് സൗകര്യങ്ങൾ വർധിക്കുന്നു. അതോടൊപ്പംതന്നെ ഒരു സെന്റർ ഓഫ് എക്സലൻസ് ഫോർ റിസർച്ച് സപ്പോർട്ട് നെറ്റ്‌വർക്ക് എന്ന നിലയിലും ഒരു മികവിന്റെ കേന്ദ്രം ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം നമ്മുടെ കലാലയങ്ങളിലെയും സർവകലാശാലകളിലെയും ഗവേഷണാത്മക പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്ന കാര്യങ്ങളാണെന്ന് സഭ മുമ്പാകെ പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീമതി ദെലീമ: സർ, വിദ്യാർഥികൾക്ക് സംസ്ഥാനത്തിനുപുറത്തും രാജ്യത്തിനുപുറത്തും ഇന്റേൺഷിപ്പ് ചെയ്യാൻ അവസരമുണ്ടാകുമോ; അതിന്റെ ക്രെഡിറ്റ് എങ്ങനെയാണ് കേരളത്തിലേക്ക് കൈമാറ്റം ചെയ്യുന്നതെന്ന് വിശദമാക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇന്റേൺഷിപ്പുകൾ ചെയ്യുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കെൽട്രോണുമായി സഹകരിച്ചുകൊണ്ട് ഒരു ഇന്റേൺഷിപ്പ് പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. മൂന്ന് തരത്തിലുള്ള ഇന്റേൺഷിപ്പ് സൗകര്യങ്ങൾ ആ പോർട്ടലിലൂടെ ലഭ്യമാകുന്നതാണ്. രാജ്യത്തിനകത്തും പുറത്തും പ്രശസ്തി നേടിയിട്ടുള്ള സ്ഥാപനങ്ങൾ ആ ഇന്റേൺഷിപ്പ് പോർട്ടലിന്റെ ഭാഗമാകുകയാണ്. പെയ്ഡ് ഇന്റേൺഷിപ്പ്, സ്റ്റൈപെന്റോടുകൂടിയുള്ള ഇന്റേൺഷിപ്പ്, സൗജന്യ ഇന്റേൺഷിപ്പ് എന്നിങ്ങനെ മൂന്നുതരത്തിലുള്ള ഇന്റേൺഷിപ്പുകളാണ് അതിലൂടെ ലഭ്യമാകുന്നതാണ്. അതിൽ കമ്പനികളുടെയും വ്യവസായ ശാലകളുടെയുമെല്ലാം ഗുണനിലവാരത്തിന് ആനുപാതികമായിട്ടുള്ള വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. എല്ലാ വിദ്യാർഥികൾക്കും

പ്രാപ്യമായ വിധത്തിലാണ് ഇന്റേൺഷിപ്പ് പോർട്ടൽ സജ്ജീകരിക്കുന്നത്. ഇന്റേൺഷിപ്പിനുൾപ്പെടെ ക്രെഡിറ്റ് നൽകുന്ന സമീപനമാണ് പുതിയ കരിക്കുലത്തിന്റെ ഭാഗമായിട്ടുള്ളത്. വിവിധ വ്യവസായ ശാലകളിൽനിന്നും മറ്റുസർവകലാശാലകളിൽനിന്നും മറ്റ് പ്രധാനപ്പെട്ട റിസർച്ച് കേന്ദ്രങ്ങളിൽനിന്നുമെല്ലാം ആർജിക്കുന്ന ക്രെഡിറ്റുകൾ അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് അനുസരിച്ചുള്ള സംവിധാനത്തിലൂടെ കൈമാറ്റം ചെയ്യാൻ കഴിയുന്ന ഫ്ലെക്സിബിലിറ്റിയും ഫ്രീഡവും ഇപ്പോൾ പുതിയ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്. എവിടെനിന്നുവേണമെങ്കിലും ഇന്റേൺഷിപ്പുമായി ബന്ധപ്പെട്ടും ഇൻഡസ്ട്രി അക്കാദമി ഇന്റർഫെയ്സിലൂടെ അനുഭവങ്ങൾ ആർജിച്ചുകൊണ്ട് ക്രെഡിറ്റ് ആർജിക്കാനുമെല്ലാം വിദ്യാർത്ഥികൾക്ക് സൗകര്യമുണ്ട്. അങ്ങനെ ആർജിക്കുന്ന ക്രെഡിറ്റുകൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് സംവിധാനത്തിലൂടെ അവർക്ക് സ്വാംശീകരിക്കാവുന്നതാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ബിരുദ പഠനതലത്തിൽ വിദേശഭാഷാ പഠനത്തിന്റെ പ്രാധാന്യം വർധിച്ചുവരുന്നുണ്ട്. വിദേശത്തെ

തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി വിദേശഭാഷാ പഠനം ബിരുദതലത്തിൽത്തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; പുതിയ കോഴ്സുകൾ ആ നിലയിൽ തയ്യാറാക്കിയിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, പുതിയ കാലത്ത് വിദേശഭാഷാ പഠനം അനിവാര്യമായ ഒന്നാണ്. ആഗോളവൽക്കരണത്തിന്റെ കാലത്ത് രാജ്യാതിർത്തികൾ അപ്രസക്തമാകുന്ന ഒരു കാലഘട്ടമാണ് എന്നതുകൊണ്ടുതന്നെ ഇംഗ്ലീഷും മറ്റുവിദേശ ഭാഷകളും കൂടുതലായി അറിഞ്ഞിരിക്കുന്നത് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു പ്ലസ് പോയിന്റായി മാറുകയാണ്. ബിരുദതലത്തിൽതന്നെ ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം വർധിപ്പിക്കുന്നതിനും കമ്മ്യൂണിക്കേഷൻ എബിലിറ്റി വർധിപ്പിക്കുന്നതിനും വിദേശഭാഷകളിൽ പ്രാവീണ്യം വർധിപ്പിക്കുന്നതിനുമൊക്കെ കഴിയുന്ന വിധത്തിലുള്ള സജ്ജീകരണങ്ങൾ ഇന്ന് ലഭ്യമാണ്. ഭാഷാ നൈപുണി വർധിപ്പിക്കുന്നതിന് എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സിന്റെ ഭാഗമായി മൂന്ന് കോഴ്സുകളും സ്കിൽ എൻഹാൻസ്മെന്റിന്റെ ഭാഗമായി മൂന്ന് കോഴ്സുകളും വിദ്യാർത്ഥികൾ

ചെയ്യേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി രണ്ട് ഇംഗ്ലീഷ് ഭാഷാ കോഴ്സുകൾ വിദ്യാർഥികൾ നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ബാക്കി നാല് കോഴ്സുകൾ വിദ്യാർഥികൾക്ക് താൽപര്യമുള്ള ഭാഷാപഠനം നടത്താൻ റെഗുലേഷൻ അനുവദിക്കുന്നുണ്ട്. തങ്ങൾ പഠിക്കുന്ന കോളേജുകളിൽ ഇത്തരം കോഴ്സുകൾ ഇല്ലെങ്കിൽ ഓൺലൈനായും അവർക്ക് അത്തരം കോഴ്സുകൾ പഠിക്കാവുന്നതാണ്. മറ്റുകോളേജുകളിൽനിന്നോ മറ്റുസർവകലാശാലകളിൽനിന്നോ അത്തരം കോഴ്സുകൾ പഠിക്കുന്നതിനുള്ള വ്യവസ്ഥ റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമാത്രമല്ല, ഒരു സെന്റർ ഓഫ് എക്സലൻസ് ലാംഗ്വേജിന്റെ പഠനമേഖലയും ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ലാംഗ്വേജ് നെറ്റ്‌വർക്കിലെ സെന്റർ ഓഫ് എക്സലൻസ് തിരൂർ മലയാളം സർവകലാശാല കേന്ദ്രമായാണ് ആരംഭിച്ചിട്ടുള്ളത്. പൊന്നാനിയിൽ ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ അറബി പഠനവും വിദേശഭാഷാ പഠനവുമായി ബന്ധപ്പെട്ടുള്ള ഒരു കേന്ദ്രവും സജ്ജീകരിച്ചിട്ടുണ്ട്. വിവിധ വിദേശ ഭാഷകളിൽ പ്രാവീണ്യം നേടുന്നതിന് സഹായകരമാകുന്ന കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം

ലാംഗ്വേജ് നെറ്റ്‌വർക്കിന്റെ മികവ് കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിച്ചത് വളരെ സ്വാഗതാർഹമായ കാര്യമാണ്. അതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഭരണഘടന, മനുഷ്യാവകാശം തുടങ്ങിയ കാര്യങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള കോഴ്സുകൾ ആരംഭിക്കുമോ; ഗവർണർമാരുടെ അധികാരത്തെ സംബന്ധിച്ചെല്ലാം തെറ്റിദ്ധാരണ പരത്താൻ വലിയ ശ്രമങ്ങൾ നടക്കുന്ന സന്ദർഭമാണിത്. പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂൾ വിദ്യാർത്ഥികളെ അത്തരമൊരു കോഴ്സ് പഠിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ചിട്ടുണ്ട്. നാലുവർഷ കോഴ്സുകളുടെ ഭാഗമായി ഇതുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു തയ്യാറെടുപ്പ് നടത്തുമോ; അതിന്റെ വിശദാംശം നൽകാമോ?

ഡോ. ആർ. ബിന്ദു: സർ, നാല് വർഷ ബിരുദ കോഴ്സിന്റെ ഭാഗമായി ഫൗണ്ടേഷൻ കോഴ്സുകൾ എന്ന നിലയിൽ സമഗ്രമായി സമൂഹത്തെ അറിയാനും പൗരാവകാശങ്ങൾ ഉൾക്കൊള്ളുന്നതിനൊക്കെയുള്ള കോഴ്സുകൾ

ഈ പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടന, മനുഷ്യാവകാശം, ജെൻഡർ അവബോധം, പാരിസ്ഥിതിക അവബോധം എന്നിവ വിദ്യാർഥികൾക്കുണ്ടാകാൻ കഴിയുന്ന വിധത്തിലാണ് ഫൗണ്ടേഷൻ കോഴ്സുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. മൂന്ന് കോഴ്സുകളാണ് ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി വിദ്യാർഥികൾ ചെയ്യേണ്ടത്. ഭരണഘടന മൂല്യങ്ങളുമായി ബന്ധപ്പെട്ടും മനുഷ്യാവകാശ നിയമങ്ങളുമായി ബന്ധപ്പെട്ടും ലിംഗനീതി, എഥിക്സ്, ലോജിക് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടും വിദ്യാർഥികൾക്ക് കോഴ്സുകൾ സ്വീകരിക്കാവുന്നതാണ്. സമൂഹത്തെ സമഗ്രമായി മനസ്സിലാക്കാനും ഒരു പൗരൻ എന്ന നിലയിൽ തങ്ങളുടെ ഉത്തരവാദിത്വം കൃത്യമായി മനസ്സിലാക്കാനും കഴിയുന്ന വിധത്തിലാണ് ഈ കോഴ്സുകൾ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ഭരണഘടനയുടെ ആത്മാംശമായിട്ടുള്ള സെക്യുലറിസമുൾപ്പെടെയുള്ള മൂല്യങ്ങൾക്ക് പ്രധാന്യം കൊടുത്തുകൊണ്ടുള്ള ഫൗണ്ടേഷൻ കോഴ്സുകളാണ് വിദ്യാർഥികൾക്ക് നൽകുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഭാവിയിലേക്കുള്ള ഒരു മാർഗരേഖ വളരെ മനോഹരമായാണ് ബഹുമാന്യയായ മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഇത്തരം സാധ്യതകൾ കേരളത്തിൽ നടപ്പിലാക്കുമ്പോൾ സർവകലാശാലകൾക്ക് അതുൾക്കൊള്ളാൻ കഴിയത്തക്കവിധത്തിലുള്ള ശാക്തീകരണമുണ്ടാകുന്നുണ്ടോ; പ്രത്യേകിച്ച് സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽ ഇൻ-ചാർജിനാണ് പ്രിൻസിപ്പലിന്റെ ചുമതല നൽകിയിരിക്കുന്നത്. മിടുക്കരായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് ആഗ്രഹിക്കുന്ന ഒരു ഗവൺമെന്റ് 'ഇൻ-ചാർജ്' ഭരണം മാറ്റി യോഗ്യതയുള്ളവരെ നിയമിക്കുന്നതിനുള്ള നടപടിയെടുത്തില്ലെങ്കിൽ നമ്മുടെ ഈ സ്വപ്നം എവിടെപ്പോയി നിൽക്കും; അത് ദിവാസ്വപ്നമാകുമോയെന്നുള്ളതാണ് എന്റെ ഭയം. ബഹുമാന്യയായ മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ നാളത്തെ കേരളത്തെക്കുറിച്ച് ആലോചിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസത്തിന്റെ രൂപത്തെക്കുറിച്ച് ആലോചിക്കണം. നിശ്ചയമായും അങ്ങ് സർക്കാരിന്റെ ഒരു fag end-ൽ എത്തുമ്പോഴാണ് ഈ പുതിയ പദ്ധതികളെക്കുറിച്ച് പറയുന്നത്. ഏതായാലും ' better late than never' എന്നുള്ളതാണ്. അങ്ങനെയൊരു മാറ്റം വന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ കേരളത്തിന്റെ യഥാർത്ഥ വിദ്യാഭ്യാസത്തിൽ വേണ്ടവിധത്തിലുള്ള ഒരു പരിഗണന ലഭിക്കുന്നില്ല.

വിദ്യാഭ്യാസത്തിന്റെ സ്ട്രക്ച്ചർ കൃത്യമാക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ പരിഷ്കരണങ്ങളെല്ലാം നടപ്പാക്കിയിട്ടുള്ളത് fag end-ൽ അല്ല. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പരിഷ്കാരങ്ങളെ സംബന്ധിച്ച് പഠിക്കാനായി മൂന്ന് കമ്മീഷനുകളെ നിയോഗിക്കുകയും ആറുമാസത്തിനുള്ളിൽത്തന്നെ ആ കമ്മീഷനുകൾ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനെ ആധാരമാക്കി കരിക്കുലം പരിഷ്കരണത്തിനുള്ള ശ്രമങ്ങൾ ആ വർഷംതന്നെ ആരംഭിക്കുകയും ചെയ്തു. തൊട്ടടുത്ത വർഷം വളരെ വിപുലമായി വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചുകൊണ്ട് സമഗ്ര പരിഷ്കരണത്തിലേക്കുള്ള മാറ്റത്തെ സംബന്ധിച്ച് എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിനും നല്ലരീതിയിലുള്ള പരിശീലനം നൽകിക്കൊണ്ടാണ് നാലുവർഷ യു.ജി. പ്രോഗ്രാം ആരംഭിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് രണ്ടുമാസം കൂടുമ്പോൾ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി പങ്കെടുക്കുന്ന റിവ്യൂ യോഗങ്ങൾ നടത്തുകയും നമ്മുടെ സ്ഥാപനങ്ങളെല്ലാം നല്ലനിലയിൽ ശാക്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാവിധത്തിലുമുള്ള മുന്നൊരുക്കങ്ങളോടുകൂടിയാണ് ഈ പരിഷ്കരണങ്ങളിലേക്ക് പോയിട്ടുള്ളത്. ഇതിന്റെ ഭാഗമായി സർവകലാശാലകളും കലാലയങ്ങളും ഗുണനിലവാര പരിശോധനകളിൽ മികച്ച നിലവാരം പുലർത്തുന്നുവെന്ന് ദേശീയ-അന്തർദേശീയ ഗുണനിലവാര പരിശോധനാ ഏജൻസികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കേരള സർവകലാശാലയും എം.ജി. യൂണിവേഴ്സിറ്റിയും NAAC അക്രെഡിറ്റേഷനിൽ A++ ഗ്രേഡ് ആണ് നേടിയിട്ടുള്ളത്. കാലിക്കറ്റ്, കുസാറ്റ്, കാലടി എന്നീ സർവകലാശാലകൾ A+ ഗ്രേഡ് നേടിയിട്ടുണ്ട്. പതിനെട്ട് കലാലയങ്ങൾ A++ ഗ്രേഡും നാൽപ്പത്തെട്ട് കലാലയങ്ങൾ A+ ഗ്രേഡും എൺപത്തേഴ് കലാലയങ്ങൾ A ഗ്രേഡും നേടിയതുൾപ്പെടെ 153 കലാലയങ്ങൾ A ഗ്രേഡിന് മുകളിലാണ്. അതിൽ പതിനെട്ടെണ്ണം സർക്കാർ കോളേജുകളാണ്. NIRF (National Institutional Ranking Framework) റാങ്കിങ്ങിന്റെ ഇത്തവണത്തെ പട്ടിക പുറത്തുവന്നപ്പോൾ കേരള സർവകലാശാല, പബ്ലിക് യൂണിവേഴ്സിറ്റി ലിസ്റ്റിൽ അഞ്ചാം സ്ഥാനത്തും കുസാറ്റ് സർവകലാശാല ആറാം സ്ഥാനത്തും എം.ജി. യൂണിവേഴ്സിറ്റി പതിനേഴാം സ്ഥാനത്തുമാണ്. ഇതിലും പതിനെട്ട് കോളേജുകൾ മികവാർന്ന പ്രവർത്തനം

കാഴ്ചവച്ചിരിക്കുകയാണ്. അത്തരത്തിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ചുകൊണ്ട് ആദ്യ നൂറിൽ പതിനെട്ട്, ആദ്യ മുന്നൂറിൽ എഴുപത്തിനാല് എന്നിങ്ങനെ രാജ്യത്തെ ഇരുപത്തിയഞ്ച് ശതമാനം മികച്ച കോളേജുകൾ കേരള സംസ്ഥാനത്താണുള്ളതെന്ന് എൻ.ഐ.ആർ.എഫ്. റാങ്കിങ് പട്ടികതന്നെ സൂചിപ്പിക്കുന്നു.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രിൻസിപ്പൽമാരുടെ വിഷയം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുകയായിരുന്നു. കേസിന്റെ അന്തിമവിധി വന്നതിനെത്തുടർന്ന് ഇന്റർവ്യൂ കഴിഞ്ഞിട്ടുണ്ട്. ഉടൻതന്നെ ഇതുമായി ബന്ധപ്പെട്ട ലിസ്റ്റ് പ്രസിദ്ധീകരിക്കാനും സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കാനുമാകും. പക്ഷേ പ്രിൻസിപ്പൽ ഇൻ-ചാർജ് പോസ്റ്റിലിരുന്നവരെല്ലാവരും പ്രിൻസിപ്പൽമാരാകാൻ യോഗ്യതയുള്ളവർതന്നെയായിരുന്നു. അവരുടെ നേതൃത്വത്തിൽ NAAC അക്രെഡിറ്റേഷനിലും എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിലും എല്ലാ സർക്കാർ കോളേജുകൾക്കും നല്ലനിലയിൽ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്.

Uncorrected/Not for publication
29-09-2025

## നാലു വർഷ ബിരുദ സമ്പ്രദായത്തിലെ പരീക്ഷകളുടെ നടത്തിപ്പ്

(*123) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. കെ. ഡി. പ്രസേനൻ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സർവകലാശാലകളിൽ നടപ്പിലാക്കുന്ന നാലുവർഷ ബിരുദ സമ്പ്രദായത്തിലെ പരീക്ഷകളുടെ നടത്തിപ്പിൽ സമയ ക്ലിപ്തത പാലിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ ഫലപ്രഖ്യാപനം വേഗത്തിൽ ക്രമീകരിക്കുന്നതിന് സർവകലാശാലകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രധാന പരീക്ഷകളിൽ നിശ്ചിത മിനിമം നിലവാരം നേടാൻ കഴിയാതെ പോകുന്ന വിദ്യാർഥികൾക്ക് സപ്ലിമെന്ററി പരീക്ഷകൾ

വേഗത്തിൽ നടത്തി ഫലം പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) നാലു വർഷ ബിരുദ കോഴ്സിന് ചേരുന്ന വിദ്യാർഥികൾക്ക് തുടർ പഠനത്തിനായി മറ്റ് സർവകലാശാലകളിലേക്ക് മാറുന്നതിന് അവസരമുണ്ടോ; വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) നാലുവർഷ ബിരുദപദ്ധതി (FYUGP) നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവകലാശാലകളിൽ ഏകീകൃത അക്കാദമിക്-പരീക്ഷാ കലണ്ടർ പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ സർവകലാശാലകളിലെ എല്ലാ അക്കാദമിക് പ്രവർത്തനങ്ങളും ഏകോപിതമായ രീതിയിൽ നടന്നുവരുന്നു. അക്കാദമിക് - പരീക്ഷ കലണ്ടറിൽ നിശ്ചയിച്ചിട്ടുള്ള നാലുവർഷ ബിരുദ സമ്പ്രദായത്തിലെ പരീക്ഷകളുടെ നടത്തിപ്പിലും സമയ ക്ലിപ്തത പാലിക്കുന്നുണ്ട്. സർവകലാശാല വൈസ് ചാൻസലർമാർ ഉൾപ്പെട്ട സമിതിയും രജിസ്ട്രാർമാർ

ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പരീക്ഷകൾ പൂർത്തിയായതിനുശേഷം ഒരു മാസത്തിനുള്ളിൽ ഫലം പ്രസിദ്ധീകരിക്കണമെന്ന് അക്കാദമിക്-പരീക്ഷാകലണ്ടറിൽ വ്യവസ്ഥ ചെയ്തിരുന്നു. സംസ്ഥാനത്തെ മിക്ക സർവകലാശാലകളും പരീക്ഷാഫലം മുകളിൽ പരാമർശിച്ചതുപ്രകാരം നിശ്ചിത സമയപരിധിക്കുമുമ്പുതന്നെ പ്രഖ്യാപിച്ചുവരുന്നുണ്ട്. നിലവിൽ ഈ അക്കാദമിക വർഷത്തെ ആദ്യ സെമസ്റ്ററുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. സർവകലാശാലകളിൽ നടപ്പാക്കിയ K-REAP സോഫ്റ്റ്‌വെയർ മുഖേന വിദ്യാർഥികൾക്ക് അവരുടെ ഫലം ഉടൻതന്നെ മൊബൈൽ ആപ്പിലൂടെ ലഭ്യമാക്കുന്നതിനും അവരുടെ മാർക്ക് ലിസ്റ്റ് ഉടൻതന്നെ ഡൗൺ ലോഡ് ചെയ്തെടുക്കാനും സാധിക്കുന്നു. ഫലപ്രഖ്യാപനത്തിനുശേഷം മാർക്ക് ലിസ്റ്റ് കിട്ടാനുള്ള കാലതാമസവും ഒഴിവാക്കാൻ സാധിച്ചു.

(സി) വിദ്യാർഥികൾക്ക് ഫലം മെച്ചപ്പെടുത്താനുള്ള നീതിപൂർണ്ണ അവസരം നൽകുന്നതിനായി സർവകലാശാലകൾ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് തൊട്ടടുത്ത സെമസ്റ്റർ

നടക്കുന്നതിനിടയിൽതന്നെ നടത്തുന്നതിന് സർവകലാശാലകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) FYUGP നടപ്പാക്കലിന്റെ ഭാഗമായി കൊണ്ടുവന്ന മറ്റൊരു പ്രധാന പരിഷ്കാരം ഇൻട്രാ, ഇന്റർ സർവകലാശാല ട്രാൻസ്ഫർ സൗകര്യമാണ്. ഇതിലൂടെ വിദ്യാർഥികൾക്ക് അവരുടെ പ്രധാന വിഷയവും, പഠന കോളേജും, സർവകലാശാലയും മാറ്റാൻ കഴിയും. ഇതോടെ വിദ്യാർഥികൾക്ക് കൂടുതൽ അക്കാദമിക് സ്വാതന്ത്ര്യവും സൗകര്യവും ലഭിക്കുന്നു. ഈ നടപടികൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സംവിധാനത്തെ കൂടുതൽ വിദ്യാർഥി സൗഹൃദപരവും ഫലാധിഷ്ഠിതവുമായ രീതിയിലേക്ക് മാറ്റാൻ സഹായിച്ചിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്തതോടുകൂടി ആയിരക്കണക്കിന് വിദ്യാർഥികളുടെ എണ്ണമാണ് സർവകലാശാലകളിൽ കുറഞ്ഞത്. അതിന്റെയൊരു മികച്ച ഫലം, സർവകലാശാലകൾ ഡിഗ്രിതലത്തിലും പോസ്റ്റ് ഗ്രാജുവേഷൻതലത്തിലുമൊക്കെ പരീക്ഷ നടത്തുന്നതിനും റിസൾട്ട് പബ്ലിഷ് ചെയ്യുന്നതിലും കാണിക്കുമെന്നാണ് പ്രതീക്ഷിച്ചത്. പക്ഷേ നമ്മുടെ പ്രതീക്ഷക്കനുസൃതമായി സെമസ്റ്റർ പരീക്ഷകളുടെ

നടത്തിപ്പും അതുപോലെ അതിന്റെ റിസൾട്ട് പബ്ലിഷ് ചെയ്യുന്നതും സർവകലാശാലകൾ ചിട്ടപ്പെടുത്തിയിട്ടില്ല. ഇപ്പോഴും നാലുവർഷ കോഴ്സുകളിൽ ഭരണതലത്തിൽ ധാരാളം തീരുമാനങ്ങളെടുക്കുന്നുണ്ടെങ്കിലും അത് നടപ്പിലാക്കുന്നതിന് വേണ്ടത്ര ജാഗ്രത കാണിക്കുന്നുണ്ടോയെന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. ഇപ്പോൾ നാലുവർഷത്തെ കോഴ്സിൽ എട്ട് സെമസ്റ്റർ പരീക്ഷകളാണുള്ളത്. നേരത്തെ ആറ് പരീക്ഷകളായിരുന്നു. എട്ടുപരീക്ഷകളായപ്പോൾ ഓരോ സെമസ്റ്റർ പരീക്ഷയും തുടങ്ങുന്നതിനുമുമ്പ്, തൊട്ടുമുമ്പുള്ള സെമസ്റ്റർ പരീക്ഷയുടെ റിസൾട്ട് നിർബന്ധമായും പബ്ലിഷ് ചെയ്യണമെന്നും; അതുപോലെ രണ്ടാം സെമസ്റ്റർ പരീക്ഷ കഴിയുന്നതിനുമുമ്പുതന്നെ ഒന്നാം സെമസ്റ്റർ പരീക്ഷ പൂർത്തിയാക്കണമെന്നുമുള്ള ശക്തമായ നിബന്ധന സർവകലാശാലകളിൽ പുലർത്തിപ്പോരുന്നുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, തീർച്ചയായും. കഴിഞ്ഞ 2 വർഷങ്ങളിലും റെക്കോർഡ് വേഗതയിലാണ് സർവകലാശാലകൾ റിസൾട്ട് പബ്ലിഷ് ചെയ്തത്. ഒരു യൂണിഫോം അക്കാദമിക് കലണ്ടർ അംഗീകരിച്ച് പഠന പാഠ്യേതര വിഷയങ്ങൾ ഏകോപിതമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. ഒരു ഏകോപിത പ്ലാറ്റ്ഫോം

സർവകലാശാലകളുടെ നേതൃത്വത്തിൽ ഹയർ എഡ്യൂക്കേഷൻ കൗൺസലിനുകീഴിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. നാലുവർഷ യു.ജി. പ്രോഗ്രാം ആരംഭിച്ചതിനുശേഷം സമയബന്ധിതമായി പരീക്ഷകൾ നടത്താനും റിസൾട്ട് പബ്ലിഷ് ചെയ്യാനും സാധിച്ചിട്ടുണ്ടെന്ന വിവരം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത നിലയിൽ സമീപനം സ്വീകരിക്കാൻ സാധിക്കുന്നുണ്ട്. പരീക്ഷകൾ കൃത്യമായി നടത്താനും വളരെ വേഗതയിൽതന്നെ അതിന്റെ റിസൾട്ട് പബ്ലിഷ് ചെയ്യാനും എല്ലാ സർവകലാശാലയിലും പ്രത്യേക സംവിധാനങ്ങൾ സജീവമായിതന്നെ പ്രവർത്തിക്കുന്നുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, നിലവിൽ നാലുവർഷ ബിരുദ കോഴ്സായതോടുകൂടി മൂന്നുവർഷ ഡിഗ്രി ബേസിക് ക്വാളിഫിക്കേഷനായി നൽകിയിട്ടുള്ള പല കോഴ്സുകളുമുണ്ട്. നിലവിൽ പി.എസ്.സി. പരീക്ഷ എഴുതാൻ ക്വാളിഫിക്കേഷനായി നിശ്ചയിച്ചിട്ടുള്ളത് ഡിഗ്രി എന്നാണ്. ഒരു കുട്ടി നാലുവർഷ ബിരുദ കോഴ്സിൽ, ഓണേഴ്സ് ഡിഗ്രിയിൽ ചേരുകയും 3 വർഷം കഴിഞ്ഞതിനുശേഷം ഓർഡിനറി ഡിഗ്രി വാങ്ങി പുറത്തുവരികയും ചെയ്താൽ ആ കുട്ടികൾക്ക് മൂന്നുവർഷ എൽ.എൽ.ബി.-ക്ക് ചേരാൻ

സാധിക്കുമോ; അതോടൊപ്പം പി.എസ്.സി.-ക്ക് ആ മൂന്നുവർഷ ബിരുദം മതിയാകുമോ; ബി.എഡ്. കോഴ്സ് പഠിക്കുന്നതിന് ആ മൂന്നുവർഷ ബിരുദം മതിയാകുമോ; ഇക്കാര്യത്തിലുള്ള അവ്യക്തത നീക്കുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്.

ഡോ. ആർ. ബിന്ദു: സർ, ഇക്കാര്യത്തിൽ യാതൊരു അവ്യക്തതയുമില്ല. മൂന്നുവർഷ ബിരുദം 133 ക്രെഡിറ്റ് ആർജിച്ചാൽ ഡിഗ്രി നേടി വിദ്യാർഥികൾക്ക് പുറത്തുപോകാവുന്നതാണ്. അതാണ് ഇപ്പോൾ പി.എസ്.സി.-യുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ കോഴ്സുകളുടെയുമൊക്കെ അടിസ്ഥാന ക്വാളിഫിക്കേഷനായി നിശ്ചയിച്ചിട്ടുള്ളത്. അതുമാത്രമല്ല, നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ രണ്ടാം വർഷമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അത് മൂന്നുവർഷം അല്ലെങ്കിൽ നാലുവർഷം കഴിയുമ്പോഴേയ്ക്കും തീർച്ചയായും പി.എസ്.സി.-യുമായി ബന്ധപ്പെട്ട് നിർദേശിക്കുന്ന തരത്തിലുള്ള തീരുമാനങ്ങൾ എടുക്കപ്പെടും. നാലാം വർഷം എന്നുപറയുന്നത് പ്രധാനമായും റിസർച്ച് ഓറിയന്റഡ് ആക്ടിവിറ്റീസിനും ഇന്റേൺഷിപ്പിനും, അതായത്, കരിക്കുലത്തിന്റെ കേന്ദ്രത്തിലുള്ള എക്സ്പീരിയൻഷ്യൽ ലേണിങ്ങിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള

സമീപനത്തോടുകൂടിയാണ് നാലാമത്തെ വർഷം ഡിസൈൻ ചെയ്തിട്ടുള്ളത്. കൂടുതൽ ഗവേഷണോന്മുഖ പ്രവർത്തനങ്ങളിലേക്ക് പോകാൻ തൽപരരായ വിദ്യാർഥികൾക്കുവേണ്ടിയാണ് പ്രധാനമായും ഓണേഴ്സ് ബിരുദം വിഭാവനം ചെയ്യുന്നത്. അതുകൊണ്ടുതന്നെ വിദ്യാർഥികൾക്ക് തൊഴിലുമായോ ഉന്നതവിദ്യാഭ്യാസവുമായോ ബന്ധപ്പെട്ട യാതൊരുവിധ പ്രശ്നങ്ങളുമുണ്ടാകുന്നതല്ല.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, പുതുതലമുറയിലെ വിദ്യാർഥികൾ ഡിജിറ്റൽ ഉപകരണങ്ങൾ നന്നായി കൈകാര്യം ചെയ്യുന്നവരാണ്. കേരളമാണെങ്കിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. പരീക്ഷ ഉൾപ്പെടെയുള്ള എല്ലാ പരീക്ഷകളും ഇപ്പോൾ ഓൺലൈനിലാണ് നടക്കുന്നത്. ഈ സാഹചര്യത്തിൽ ഡിഗ്രി, പി.ജി. തലത്തിൽ പഴയ രീതി തുടരുന്നത് അവസാനിപ്പിച്ച് ഓൺലൈൻ പരീക്ഷ നടത്തുന്നതിനെ സംബന്ധിച്ച് പരിഗണനയിലുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും പരിഗണനയിലുണ്ട്. ജെൻ-സി (Gen-Z) എന്ന് വിളിക്കപ്പെടാവുന്ന തലമുറ ഡിജിറ്റൽ ഉപകരണങ്ങൾക്ക് നടുവിൽ പിറന്നുവീഴുന്ന ഡിജിറ്റൽ നേറ്റീവ്സാണ്. ആപ്പുകളും ഡിവൈസസും

മാറ്റിവച്ചുകൊണ്ട് അവർക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്നതുകൊണ്ടുതന്നെ ഓൺലൈൻ പരീക്ഷകളെക്കുറിച്ച് വളരെ സജീവമായി തന്നെയാണ് നാം പരിഗണിക്കുന്നത്. ഇപ്പോൾ എൻട്രൻസ് എക്സാം പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലൂടെയാണ് നടത്തുന്നത്. പി.എസ്.സി. പരീക്ഷകളുൾപ്പെടെ ഓൺലൈൻ രീതിയിലേക്ക് മാറിയിട്ടുണ്ട്. തീർച്ചയായും വിദ്യാർഥികളുടെ ലൈഫ് ലോങ് ലേണിങ് സ്കിൽസ് ഉറപ്പുവരുത്തുന്നതിനും പുതിയ സാങ്കേതികവിദ്യകൾ കൂടുതലായി പരിചയപ്പെടുത്തുന്നതിനും വലിയ രീതിയിൽ സ്പേസുള്ള നാലുവർഷ ബിരുദത്തിൽ ഓൺലൈൻ കോഴ്സുകളും ഓൺലൈൻ പരീക്ഷകളും പരിഗണിക്കുന്നുണ്ട്. ഓൺലൈൻ കോഴ്സുകൾ അവർക്ക് തിരഞ്ഞെടുക്കാവുന്നതാണ്. അതുപോലെ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പരീക്ഷാ രീതികൾ നടപ്പാക്കാനുള്ള വ്യവസ്ഥകൾ അതിലുണ്ട്. ഉദാഹരണത്തിന് കമ്മ്യൂണിക്കേഷൻ സ്കിൽസ് ഇൻ ഇംഗ്ലീഷ് എന്ന കോഴ്സിന് IELTS, TOEFL പോലെയുള്ള പരീക്ഷാ രീതികൾക്ക് സമാനമായ ഓൺലൈൻ പരീക്ഷ നടത്താവുന്നതാണ്. സംസ്ഥാനത്തെ സർവകലാശാലകൾ ഇപ്പോൾതന്നെ ഓൺസ്ക്രീൻ മൂല്യ നിർണ്ണയം പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഓൺലൈനിൽ നിന്നുള്ള

പരീക്ഷകൾകൂടി പരിഗണിക്കാവുന്ന നിലയിലുള്ള നിർദേശങ്ങളാണ് സർവകലാശാലകൾക്ക് നൽകിയിട്ടുള്ളത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പ്രായോഗികതയ്ക്ക് പ്രാധാന്യം നൽകുന്ന തൊഴിലധിഷ്ഠിത പ്രോഗ്രാമുകളിൽ ഇപ്പോഴും എഴുത്തു പരീക്ഷ നടക്കുന്നുണ്ട്. അത്തരം പ്രോഗ്രാമുകളിലെ ചില കോഴ്സുകളിലെങ്കിലും പ്രായോഗിക തലത്തിൽ വിദ്യാർത്ഥികൾ ആർജിച്ച കഴിവുകൾ പരിശോധിക്കുന്ന തരത്തിൽ പരീക്ഷ നടത്തുന്നത് പരിഗണിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും എക്സ്പീരിയൻഷ്യൽ ലേണിങ്ങിന് പ്രാധാന്യം നൽകികൊണ്ട് വിദ്യാർത്ഥി കേന്ദ്രീകൃത കാഴ്ചപ്പാടോടുകൂടിയാണ് പുതിയ കരിക്കുലം നമ്മൾ രൂപകല്പന ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി പരീക്ഷകളും അത്തരത്തിൽ ഔട്ട്കം ബേസ്ഡ് ആയിതന്നെയാണ് നടക്കുന്നത്. നിശ്ചിത ശതമാനം പ്രാക്ടിക്കൽ പരീക്ഷകളും നടത്തിവരുന്നുണ്ട്. പൂർണമായും പ്രായോഗികതയ്ക്ക് പ്രാധാന്യമുള്ള കോഴ്സുകൾക്ക് ആ രീതിയിൽതന്നെയാണ് പരീക്ഷ നടത്തുന്നത്. അതുപോലെ പ്രൊജക്റ്റ് പോലുള്ള കാര്യങ്ങളും പഠനവുമായി ബന്ധപ്പെട്ട് മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ നൈപുണ്യ

വികസനത്തിനും അവരുടെ കാര്യപ്രാപ്തി വികസനത്തിനും ആശയ വിനിമയശേഷി വർധിപ്പിക്കുന്നതിനും കർമ്മ കുശലത വർധിപ്പിക്കുന്നതിനും പ്രാധാന്യം നൽകികൊണ്ടാണ് പുതിയ അധ്യായന രീതികളും അധ്യാപന രീതികളുമെല്ലാം ആവിഷ്കരിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഈ നാല് വർഷ ബിരുദ പ്രോഗ്രാമിൽ ഇന്റേണൽ പരീക്ഷയുടെ അനുപാതം വർധിച്ചിട്ടുണ്ട്. ഇത് ചില വിദ്യാർഥികൾക്കെങ്കിലും അകാരണമായ വേട്ടയാടലുകൾക്ക് വിധേയമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട് പരിഹരിക്കാൻ ആലോചിക്കുന്നുണ്ടോ; അതോടൊപ്പം തന്നെ ഈ നാല് വർഷ ബിരുദ കോഴ്സ് ആരംഭിക്കുന്നതിന്റെ ഭാഗമായി അധ്യാപകരുടെ എണ്ണം വർധിപ്പിക്കേണ്ടി വരുമോ; കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് placement നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ആലോചിച്ചിട്ടുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഇന്റേണൽ മാർക്ക്സ് എന്നത് ഇന്ന് സാർവത്രികമായി എല്ലാ സർവ്വകലാശാലകളിലും അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. അതൊഴിവാക്കുന്നത് അനുയോജ്യമല്ല. ഇതുമായി ബന്ധപ്പെട്ട്

വിദ്യാർഥികൾക്ക് പരാതികളുണ്ടാകുന്നപക്ഷം അത് പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ സർവകലാശാല റഗുലേഷനിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്. അറ്റൻഡൻസ്, ഇന്റേണൽ മാർക്ക്സ് എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ, ഫാക്കൽറ്റി അഡ്വൈസർ, കോഴ്സ് ഫാക്കൽറ്റി, ഡിപ്പാർട്ട്മെന്റ് കോ-ഓർഡിനേറ്റർ ഓഫ് ഫോർ ഇയർ യു.ജി. പ്രോഗ്രാം തുടങ്ങിയ വ്യക്തികൾ, അതുപോലെ ബന്ധപ്പെട്ട വിദ്യാർഥികൾ ഉൾപ്പെടുന്ന പരാതി പരിഹാര സെല്ലുകൾ ഇവയുടെ സംയുക്ത സംവിധാനമാണ് പരിഹരിക്കേണ്ടതെന്ന നിർദേശമാണ് നൽകിയിട്ടുള്ളത്. ഡിപ്പാർട്ട്മെന്റുതലത്തിൽ അങ്ങനെ പരിഹരിക്കാൻ സാധിച്ചില്ലെങ്കിൽ കോളേജ് തലത്തിലും സർവകലാശാലാ തലത്തിലും പരാതി പരിഹാര സംവിധാനങ്ങൾ നിലവിലുണ്ട്. വിദ്യാർഥികൾക്ക് ഇന്റേണൽ മാർക്ക്സിനെ സംബന്ധിച്ച് പരാതികളുണ്ടെങ്കിൽ അവർക്ക് പരാതി പരിഹാര സംവിധാനങ്ങളെ സമീപിക്കാവുന്നതാണ്. ഗ്രീവൻസ് റിഡ്രസൽ സെല്ലുകളെ ആക്ടിന്റെ ഭാഗമാക്കാൻ കഴിയുന്ന വിധത്തിലാണ് University Amendment Act ഈ സഭയിൽ അവതരിപ്പിച്ചത്. നിർഭാഗ്യവശാൽ ആ ബില്ലിൽ ബഹുമാനപ്പെട്ട ഗവർണർ ഒപ്പുവയ്ക്കാത്തത് കാരണം ആ വിഷയം

നിയമമാക്കാൻ നമുക്ക് സാധിച്ചില്ല. എങ്കിലും റെഗുലേഷൻസിന്റെ ഭാഗമായി അത്തരം സംവിധാനങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി കൂടിയായ അംഗം ഡോ. കെ. ടി. ജലീൽ ഉന്നയിച്ച ചോദ്യത്തിൽ നിന്നുതന്നെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന അവ്യക്തത വളരെ പ്രകടമാണ്. നാല് വർഷത്തെ കോഴ്സ് (FYUGP) നടപ്പിലാക്കിയപ്പോൾ ആ കോഴ്സിന് അതിൻെറ മെറിറ്റ് ആയി ചൂണ്ടി കാണിച്ചിരിക്കുന്ന ജോബ് അവസരങ്ങൾ അതുപോലെ തന്നെ മൈനർ-മേജർ കോഴ്സുകൾ തമ്മിലുള്ള മാറ്റങ്ങളും കോളേജുകൾ മാറ്റങ്ങളും ഫലത്തിൽ വിദ്യാർഥികൾക്ക് ഉപകാരപ്പെടുന്നില്ല എന്നതാണ് വാസ്തവം. കഴിഞ്ഞ റിപ്പോർട്ടിൽ വന്നതുപ്രകാരം 114 കുട്ടികൾ മാത്രമാണ് മേജർ കോഴ്സിന് അപേക്ഷിച്ചിരിക്കുന്നത് എന്നതാണ് ആകെ മേജർ കോഴ്സുകൾക്കുള്ള മാറ്റമെന്ന് പറയാനുള്ളത്. അങ്ങനെയുള്ള ഈ മാറ്റം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണം ഭവിച്ചിട്ടില്ല. കുറുക്കൻ ആനയെ പിടിച്ചതുപോലെ തന്നെയാണ് ഇപ്പോഴും FYUGP നടപ്പിലാക്കുന്നത്. ഇതിനൊരു വ്യക്തത വരുത്തുന്നതിന് എന്ത് നടപടിയാണ് സർക്കാർ എടുത്തിട്ടുള്ളത്?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ 114 കുട്ടികൾക്ക് മേജർ കോഴ്സ് മാറാൻ കഴിഞ്ഞുവെന്നുള്ളതുതന്നെ ഇതിന്റെയൊരു നേട്ടമാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അത് ചെറിയ കാര്യമല്ല. മുൻ കാലങ്ങളിലാണെങ്കിൽ അങ്ങനെ മാറാൻ കഴിയില്ല. വളരെ കൃത്യമായ ദിശാബോധത്തോടുകൂടിയാണ് ഇപ്പോഴത്തെ കുട്ടികൾ കോഴ്സുകൾ തെരഞ്ഞെടുക്കുന്നത്. ഹൈസ്കൂൾ എത്തുമ്പോൾതന്നെ ഏത് ദിശയിൽ സഞ്ചരിക്കണമെന്ന് നല്ല വ്യക്തത വിദ്യാർഥികൾ വരുത്തുന്നുണ്ട്. അതുകൊണ്ട് ഡിഗ്രി തലത്തിൽ ഇവയെല്ലാം വേണ്ടവിധത്തിൽ മനസ്സിലാക്കിത്തന്നെയാണ് വിദ്യാർഥികൾ കോഴ്സുകൾ തിരഞ്ഞെടുക്കുന്നത്. എന്നിട്ടും അവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം മാറാനുള്ള flexibility-യും ഫ്രീഡവും അനുവദിക്കുന്ന രീതിയിലാണ് ഫോർ ഇയർ യു.ജി. പ്രാഗ്രാം സംസ്ഥാനത്ത് നടപ്പാക്കുന്നത്. അതിൽ യാതൊരു വ്യക്തതക്കുറവുമില്ല. ആർക്കെങ്കിലും എന്തെങ്കിലും വ്യക്തതക്കുറവ് ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വളരെ കൃത്യമായും സമർത്ഥമായും മുന്നോട്ടുകൊണ്ടുപോകുന്നുണ്ട് എന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട്

പറയാനുള്ളത്. രണ്ട് മാസം കൂടുമ്പോൾ റിവ്യൂ ചെയ്ത് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ എല്ലാവരും കൂടിയാലോചിച്ച് അത് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. മികച്ച ഒരു ടീം വർക്കായാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർവകലാശാലകളെല്ലാം മുന്നോട്ടുപോകുന്നത്. ബെസ്റ്റ് പ്രാക്ടീസസ് ഷെയർ ചെയ്തുകൊണ്ടുതന്നെ അവർ മാതൃകകൾ സൃഷ്ടിക്കുന്നുവെന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗത്തോട് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, നാല് വർഷ ഡിഗ്രി കോഴ്സിനെ സംബന്ധിച്ചിടത്തോളം അവസാനത്തെ വർഷം വളരെ നല്ല രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ കുട്ടികൾക്ക് ചെറുപ്രായത്തിൽതന്നെ റിസർച്ച് ഓറിയന്റേഷനും എക്സ്പീരിയൻഷ്യൽ ലേണിങ് എന്ന നിലയ്ക്കും വലിയ പ്രയോജനം ലഭിക്കും. കെൽട്രോണുമായി ചേർന്ന് ഇന്റേൺഷിപ്പ് പോർട്ടൽ തുടങ്ങുന്നുവെന്ന് അറിയിച്ചതിന് അഭിനന്ദനങ്ങൾ. ഇൻഡസ്ട്രിയൽ ഓറിയന്റഡായിട്ടാണ് ഇന്റേൺഷിപ്പ് നടത്തുന്നത്. എന്നാൽ തദ്ദേശസ്ഥാപനങ്ങളും സർക്കാർ വകുപ്പും പൊതുമേഖലാസ്ഥാപനങ്ങളുമടക്കം നാല് വർഷ ഡിഗ്രി കോഴ്സിന്റെ അവസാന വർഷ

ഇന്റേൺഷിപ്പ്/പ്രോജക്ടിനുവേണ്ടി ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽക്കൂടി അവർക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള എസ്.ഒ.പി. തയ്യാറാക്കി അതിനൊരു സംവിധാനമൊരുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, വളരെ നല്ല നിർദേശമാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ചത്. വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കില, തദ്ദേശസ്വയംഭരണ എസ്.ഒ.പി. സ്ഥാപനങ്ങൾ എന്നിവയെല്ലാം നമുക്ക് എംപാനൽ ചെയ്യാൻ കഴിയും. ഇപ്പോൾത്തന്നെ കെ.ടി.യു. ആയിരം പ്രോജക്ടുകളാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ളത്. വളരെ കീറാമുട്ടിയായിരുന്ന മാലിന്യ സംസ്കരണപ്രശ്നത്തിലുൾപ്പെടെ തങ്ങളുടെ കൈവശമുള്ള സാങ്കേതികവിദ്യയെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്താൻ കെ.ടി.യു.-വിലെ വിദ്യാർഥികൾക്ക് കഴിഞ്ഞുവെന്നുള്ളത് ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ക്യാമ്പസിലെ മതിൽക്കെട്ടിന് പുറത്തുള്ള സമൂഹത്തിലെ തീക്ഷ്ണമായ പ്രശ്നങ്ങൾ മനസ്സിലാക്കാൻ പ്രാദേശിക

സർക്കാരുകളുമായുള്ള സഹകരണം വിദ്യാർഥികൾക്ക് വലിയ വഴിയാണ് തുറന്നിടുന്നത്. അത് നമുക്ക് സ്വീകരിക്കാവുന്നതാണ്.

**കാർഷിക മേഖലയിൽ സ്മാർട്ട് കൃഷിരീതികൾ**

(*124) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്മാർട്ട് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന നവീന കാർഷിക സാങ്കേതികവിദ്യ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കർഷകർക്ക് സ്മാർട്ട് കൃഷിരീതികളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കൃഷിയിടങ്ങളിൽ ആധുനിക ഫാമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം സാമ്പത്തിക-നൈപുണ്യവികസന സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നത്; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) ഉണ്ട്. കൃഷിയിടങ്ങളിൽനിന്ന് പരമാവധി ഉൽപാദനവും ഉൽപാദനക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യ സാക്ഷാത്ക്കരണത്തിനായി സർക്കാർ സ്മാർട്ട് കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. കൃഷിചെലവ് ലഘൂകരിക്കുന്നതിനും കൃഷിയിടങ്ങളിലെ പരിപാലനം കൃത്യതയോടെ നടപ്പാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം, കീടരോഗബാധ എന്നിവയെ ഫലപ്രദമായി തടയുവാനും ആധുനിക സാങ്കേതിവിദ്യയിൽ അധിഷ്ഠിതമായ സ്മാർട്ട് കൃഷിരീതി ഫലപ്രദമാണ്.

സ്മാർട്ട് കൃഷിരീതികളായ പോളിഹൗസ് കൃഷി, കൃത്യതാ കൃഷി, ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ്, എയറോപോണിക്സ്, ഡ്രോണുകൾ

ഉപയോഗിച്ചുള്ള കൃഷി, ഉപഗ്രഹ ചിത്രങ്ങളും കമ്പ്യൂട്ടറുകളും ഉപയോഗിച്ചുള്ള വിളപരിപാലനം തുടങ്ങി ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സാങ്കേതികവിദ്യകൾ അനുവർത്തിക്കുന്നതിലൂടെ കാർഷിക ഉൽപാദനം വർധിപ്പിക്കുവാനും കർഷക വരുമാനം ഉയർത്തുവാനും സാധ്യമാകുന്നു.

(ബി&സി) വിദേശ രാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന നവീന കാർഷിക സാങ്കേതികവിദ്യ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മേഖലയിൽ താൽപര്യമുള്ള കർഷകർക്ക് വിവിധതരം പരിശീലനം നൽകിവരുന്നു. നെതർലാന്റ് സർക്കാരും കൃഷിവകുപ്പും കാർഷിക യൂണിവേഴ്സിറ്റിയും ചേർന്ന് ആസൂത്രണം ചെയ്ത ഇൻഡോ-ഡച്ച് കർമ്മപദ്ധതിയുടെ ഭാഗമായി കാർഷിക സർവകലാശാലയുടെ അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ആരംഭിച്ച " സെന്റർ ഓഫ് എക്സലൻസ് ഫോർ വെജിറ്റബിൾസ് & ഫ്ലവേഴ്സിൽ" സ്മാർട്ട് കൃഷിയിൽ 987 കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകിക്കഴിഞ്ഞു.

ഡച്ച് ടെക്നോളജിയിലുള്ള സംരക്ഷിത യൂണിറ്റുകൾ, ഇന്ത്യൻ ടെക്നോളജിയിൽ നിർമ്മിച്ച പോളീഹൗസുകൾ, ഷേഡ് നെറ്റ് ഹൗസുകൾ, തൈ ഉൽപാദന യൂണിറ്റുകൾ, ഓട്ടോമാറ്റിക് മീഡിയ ഫില്ലിംഗ് സീഡിംഗ് മെഷീൻ, ജർമ്മിനേഷൻ ചേമ്പർ, ഓപ്പൺ പ്രിസിഷൻ ഫാമിങ് മോഡൽ, പോളീഹൗസുകളിലെ കാലാവസ്ഥ നിയന്ത്രണ രീതികൾ, തുറസ്സായ കൃഷിയിടങ്ങളിൽ ജലസേചനത്തിലൂടെ വള പ്രയോഗം നടത്തുന്നതിന് സ്മാർട്ട് കമ്പ്യൂട്ടർ അധിഷ്ഠിത നിയന്ത്രണ സംവിധാനമായ ' PRIVA COMPASS' മുതലായവ കർഷകർക്കായി പ്രസ്തുത കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്.

കേരളത്തിലെ കർഷകർക്ക് ലോകോത്തര കാർഷിക സാങ്കേതികവിദ്യകൾ പകർന്നുനൽകുക എന്ന ഉദ്ദേശ്യത്തോടെ കേരള കാർഷിക സർവകലാശാല, നബാർഡ്, വെസ്റ്റേൺ സിഡ്നി യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തോടെ 'കെ-അഗ്ടെക് ലോഞ്ച് പാഡ്' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സ്ത്രീകൾ, യുവാക്കൾ എന്നിവരിലെ കാർഷിക സംരംഭകത്വ ആശയങ്ങൾ പ്രായോഗിക പഥത്തിൽ കൊണ്ടുവരുന്നതിനുള്ള വിവിധ സേവനങ്ങൾ പദ്ധതിയിലൂടെ നൽകുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സ്മാർട്ട്

കൃഷിരീതികൾ നടപ്പിലാക്കുവാനും 1487.5 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിവഴി സാധ്യമാകും.

കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതിയായ Sub Mission for Agricultural Mechanisation (SMAM)വഴി നവീന കാർഷികവിദ്യകൾക്ക് പ്രയോജനപ്പെടുന്ന കാർഷിക ഉപകരണങ്ങളും ഡ്രോണുകളും ലഭ്യമാക്കുവാനുള്ള പിന്തുണ നൽകിവരുന്നു. ഡ്രോൺ സാങ്കേതികവിദ്യ കർഷകരെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 14 ജില്ലകളിലെ 149.4 ഹെക്ടർ ഭൂമിയിൽ ഡ്രോൺ സേവനം ഉപയോഗപ്പെടുത്തിയുള്ള പ്രായോഗിക പരിശീലനം നൽകി. ഇതിലൂടെ 2500 കർഷകർ ഈ മേഖലയിൽ പ്രാവീണ്യം നേടി. രണ്ടാം ഘട്ടത്തിൽ 14 എഫ്.പി.ഒ.-കളെ പരിശീലിപ്പിക്കുകയും 3545.85 ഹെക്ടറിൽ ഡ്രോൺ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും ചെയ്തു.

കേരള കാർഷിക സർവകലാശാലയുടെ തവനൂർ പ്രിസിഷൻ ഫാമിംഗ് ഡെവലപ്മെന്റ് സെന്റർവഴി പ്രിസിഷൻ ഫാമിങ്ങിൽ കർഷകർക്ക് പരിശീലനം നൽകുന്നു.

2023-ൽ ഇസ്രായേൽ സന്ദർശിച്ച് ആധുനിക കാർഷിക മുറകൾ കരസ്ഥമാക്കിയ കർഷകർ സ്മാർട്ട് കൃഷിയിൽ പുതിയ കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്. കൂടാതെ കേരള കാർഷിക സർവകലാശാലയുടെ മാതൃകാ കൃഷിയിടങ്ങളിലും സർക്കാർ കൃഷി ഫാമുകളിലെ പ്രദർശന തോട്ടങ്ങളിലും നവീന കാർഷിക രീതികൾ കർഷകർക്ക് പരിചയപ്പെടുത്തുന്നുണ്ട്. കർഷകർക്ക് ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ്, ഡാറ്റാ അനാലിറ്റിക്സ്, ഡ്രോൺ സാങ്കേതികവിദ്യ, സംരക്ഷിത കൃഷി, കൃത്യതാ കൃഷി തുടങ്ങിയ മാർഗങ്ങളിൽ കൃഷി ചെയ്യുന്നതിന് ഫാമുകൾ കേന്ദ്രീകരിച്ച് പരിശീലനം നൽകുന്നതോടൊപ്പം ആധുനിക കാർഷിക മുറകൾ അവലംബിക്കുന്ന കർഷകരുടെ കൃഷിയിടങ്ങളിലേക്ക് സന്ദർശനവും സംഘടിപ്പിച്ചുവരുന്നു. ഇതോടൊപ്പം ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ മാർക്കറ്റിംഗ്, ഓട്ടോമേഷൻ വിഷയങ്ങളിൽ പ്രത്യേക പരിശീലനങ്ങളും കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും നൽകിവരുന്നു.

Mission for Integrated Development of Horticulture (MIDH), Rashtriya Krishi Vikas Yojana (RKVY) പദ്ധതികളിൽ ഉൾപ്പെടുത്തി

കൃത്യതാ കൃഷിക്കായി പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. സ്മാർട്ട് കൃഷി പ്രോത്സാഹിപ്പിക്കാനായി ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകളും ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

കർഷകർക്കായി ഒരു സംയോജിത ഡാറ്റാ ഹബ് രൂപീകരിക്കുന്നതിനും വിവിധ പദ്ധതികളുടെ സേവനങ്ങൾ കർഷകർക്ക് സമയബന്ധിതമായി ലഭിക്കുന്നതിനും പ്ലാൻറ് ഡോക്ടർ സേവനം ലഭ്യമാക്കുന്നതിനുമായി ഡിജിറ്റൽ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ' അഗ്രിസ്റ്റാക്ക് വെബ് സംരംഭവും ' കതിര്' മൊബൈൽ ആപ്ലിക്കേഷനും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ സേവനം കർഷകർക്ക് ഘട്ടംഘട്ടമായി ലഭ്യമാക്കിവരുന്നു. കൂടാതെ കർഷകർക്ക് ആവശ്യമായ ആധുനിക സേവനങ്ങൾ പ്രാദേശികമായി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്ന പ്രക്രിയയും നടന്നുവരുന്നു.

(ഡി) നവീന കൃഷിരീതി അനുവർത്തിക്കുന്ന കർഷകർക്കായി വിവിധ തരത്തിലുള്ള പരിശീലനങ്ങൾ ആസൂത്രണം ചെയ്യുന്നതോടൊപ്പം സംസ്ഥാന

കേന്ദ്ര സർക്കാരുകളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സാമ്പത്തിക പിന്തുണയും നൽകുന്നുണ്ട്.

കൃഷിയിടങ്ങളിൽ ആധുനിക ഫാമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പത് ശതമാനം ധനസഹായത്തോടുകൂടി പോളീഹൗസ്, തണൽ വലകൾ, വാക്ക്-ഇൻ ടണൽ, ഓട്ടോമേറ്റഡ് ഫെർട്ടിഗേഷൻ സിസ്റ്റം, ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ്, അക്വാപോണിക്സ് തുടങ്ങിയ ആധുനിക കൃഷിരീതികൾക്ക് സഹായം നൽകുന്നുണ്ട്. കേന്ദ്ര-സംസ്ഥാന പദ്ധതിയായ SMAM വഴി ഡ്രോണുകൾ ഉപയോഗിച്ചുള്ള കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഡ്രോണുകളുടെ വിലയിൽ 50 ശതമാനം മുതൽ 80 ശതമാനം വരെ ധനസഹായം നൽകുന്നുണ്ട്. കാർഷിക മേഖലയിൽ സൂക്ഷ്മ ജലസേചനം പ്രോത്സാഹിപ്പിക്കുന്ന ‘ പെർ ഡ്രോപ്പ് മോർ ക്രോപ്പ്’ പദ്ധതിയിൽ 45 ശതമാനം മുതൽ 90 ശതമാനം വരെ സഹായധനവും സർക്കാർ നൽകുന്നുണ്ട്.

കേരളത്തിൽ കാന്തല്ലൂർ, വട്ടവട മുതലായ പ്രദേശങ്ങളിൽ ടിഷ്യൂകൾച്ചർ, എയ്റോപോണിക്സ് തുടങ്ങിയ നവീന കാർഷിക രീതികൾ പ്രയോജനപ്പെടുത്തി മികച്ച രോഗപ്രതിരോധശേഷിയും ഉല്പാദനക്ഷമതയുമുള്ള ഉരുളക്കിഴങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കൈമാറുന്നതിന് പഞ്ചാബ് സർക്കാരുമായി ധാരാണാപത്രം ഒപ്പുവയ്ക്കുന്നതിനും ഉദ്ദേശിക്കുന്നു. ആയതിന്റെ പ്രാരംഭ ചർച്ചകൾ പഞ്ചാബ് സർക്കാരുമായി 24-09-2025-ന് ചണ്ഡിഗഡിൽ നടന്നു.

ശ്രീ. പി. എസ് സുപാൽ: സർ, സംസ്ഥാനത്ത് ധാരാളം കൃഷിഭൂമികൾ തരിശായി കിടക്കുന്നുണ്ട്. തരിശായി കിടക്കുന്ന കൃഷിഭൂമി ഏറ്റെടുത്ത് ആധുനിക ഹൈടെക് കൃഷി രീതികൾ ഉപയോഗപ്പെടുത്തി കാർഷിക വരുമാനം വർധിപ്പിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഏറ്റവും പ്രസക്തമായ ചോദ്യമാണിത്. കേരളത്തിൽ സെക്കൻഡറി അഗ്രിക്കൾച്ചറിന്റെ ഭാഗമായി കാർഷിക മേഖലയിൽ നവീനങ്ങളായ നിരവധി പരിപാടികളാണ് നടപ്പാക്കുന്നത്. അതെല്ലാം സ്മാർട്ട് കൃഷിരീതികളാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ

ചോദിച്ചത്, കൃഷിക്കനുയോജ്യമായ തരിശായി കിടക്കുന്ന ഭൂമികൾ ഏറ്റെടുത്ത് കൃഷി ചെയ്യുകയെന്നുള്ളതാണ്. കൃഷിക്കനുയോജ്യമായ ഭൂമി വിട്ടുനൽകാൻ താൽപര്യമുള്ള വ്യക്തികളെ കണ്ടെത്തി അവിടെ കൃഷി ചെയ്യാൻ താൽപര്യമുള്ളവർക്ക് പ്രത്യേകിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഹോർട്ടികൾച്ചർ, ഹൈഡ്രോപോണിക്സ്, കൃത്യതാ കൃഷി, സംരക്ഷിത കൃഷി, സംയോജിത കൃഷി തുടങ്ങിയ വൈവിധ്യമാർന്ന ഫാമിങ് രീതികൾ അവലംബിക്കാൻ താൽപര്യമുള്ള വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവർക്ക് സർക്കാർ ഇടപെടലിലൂടെ ഭൂമി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'നവോത്ഥാൻ' എന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിയത്. കേന്ദ്ര ഗവൺമെന്റിന്റെ എക്കണോമിക്സ് സർവെയിൽ വളരെ പ്രത്യേകതയോടുകൂടി എടുത്തുപറഞ്ഞ പരിപാടി കൂടിയാണിത്. ആദ്യ ഘട്ടത്തിൽ സർക്കാരിന്റെ വിവിധ സ്ഥാപനങ്ങളുടെ കീഴിലുള്ളതും പൊതുമേഖലാ സ്ഥാപനങ്ങളുടെയും യോഗ്യമായ കൃഷിഭൂമിയാണ് ഇത്തരത്തിൽ ഓരോ ഗ്രൂപ്പുകൾക്കും കൃഷിക്കായി നൽകുന്നത്. അടിസ്ഥാനസൗകര്യങ്ങൾ വിലയിരുത്തി ഭൂമി തരംതിരിച്ചശേഷമായിരിക്കും അതത് മേഖലയിൽ അനുയോജ്യമായ കാർഷികവിളകൾ തിരഞ്ഞെടുക്കുന്നത്. പത്ത് ഏക്കറിന്റെ ഒരു യൂണിറ്റ്

എന്ന നിലയിലായിരിക്കും ഭൂമി കൃഷിക്കായി വിഭജിച്ചുനൽകുന്നത്. അതിന്റെ പദ്ധതി നിർവഹണ ഏജൻസിയായി കാപ്കോയെയാണ് നിശ്ചയിച്ചിട്ടുള്ളത്. വിപണി കണ്ടെത്തൽ, കയറ്റുമതി, മൂല്യവർധനവ് തുടങ്ങിയ മേഖലകളിൽ കാപ്കോയും കൃഷി വകുപ്പും സാങ്കേതിക ഉപദേശം നൽകും. പഴം, പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യോൽപന്നങ്ങളുടെ ഉൽപാദനം മുപ്പത് ലക്ഷം മെട്രിക് ടണ്ണായി വർധിപ്പിക്കുക, ഇടവേള കൃഷി സാധ്യമാക്കിക്കൊണ്ട് നിലവിലെ ഭൂമിയിൽനിന്നുള്ള ഉൽപാദനക്ഷമതയിൽ 40 ശതമാനം വർധനവുണ്ടാക്കുക, ഹൈടെക് ഫാമിങ്ങിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒന്നാം ഘട്ടത്തിൽ ഭൂവുടമകളെയും കർഷക സംരംഭകരെയും ഏകജാലക സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യിച്ചുകൊണ്ട് അനുയോജ്യമായ ഭൂമിയുടെ ലഭ്യത, സംരംഭകരായ കർഷകരുടെ ആവശ്യങ്ങൾ എന്നിവ ശേഖരിക്കുകയുണ്ടായി. ഇതിൻപ്രകാരം 32 ഭൂവുടമകളും 226 കർഷക സംരംഭകരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ഭൂവുടമകളിൽ പൊതുമേഖലകളിൽനിന്നും പതിനൊന്ന് പേരും ഇരുപത്തിയൊന്ന് സ്വകാര്യ വ്യക്തികളുമാണ് ഉൾപ്പെടുന്നത്. 4758.37 ഏക്കർ ഭൂമി പദ്ധതിക്കായി

ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച കൃഷി സഹകാരി സേവന ഉടമ്പടി പ്രകാരം കൃഷിയൊരു സേവനമെന്ന രീതിയിൽ കർഷകർക്ക് കൃഷി ചെയ്യുന്നതിനായി ഭൂമി അനുവദിക്കുന്നതാണ്. കൃഷി ഒരു സേവനം എന്ന രീതിയിൽ വാണിജ്യപരമായ കാർഷികപ്രവർത്തനങ്ങളാണ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്നത്. കൃഷി ചെയ്യുന്നവർക്ക് ഭൂമിയിൽ യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. രണ്ടാം ഘട്ടത്തിൽ ഭൂവുടമകളെയും കർഷക സംരംഭകരെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. കൃഷിക്ക് ആവശ്യമായ ഭൂമി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ചെയ്യാനുദ്ദേശിക്കുന്ന കൃഷി എന്നിവയെക്കുറിച്ച് കർഷകരും നൽകുവാനുള്ള ഭൂമി, അവിടത്തെ സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് ഭൂവുടമകളും വിശദീകരിക്കുകയുണ്ടായി. തുടർന്ന് കർഷകർ, കൃഷി ചെയ്യാനുദ്ദേശിക്കുന്ന സ്ഥലസന്ദർശനവും ബന്ധപ്പെട്ട അധികാരികളുമായി ആശയവിനിമയവും നടത്തുകയുണ്ടായി. പദ്ധതിപ്രകാരം ഭൂവുടമകൾക്ക് നൽകാനുദ്ദേശിക്കുന്ന തുക സംബന്ധിച്ചും ചർച്ച നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ തീരുമാനമായിട്ടുള്ള പതിനൊന്ന് സംരംഭകർ പ്രോജക്ടുകൾ ഇതിനോടകം സമർപ്പിച്ചിട്ടുണ്ട്. മൂന്നാം ഘട്ടമായി

പ്രോജക്റ്റ് സമർപ്പിച്ച കർഷകർ, കർഷക സംരംഭകർ എന്നിവരുമായുള്ള സർവീസ് ലെവൽ എഗ്രിമെന്റ് വയ്ക്കുന്ന പ്രവർത്തനങ്ങളിലാണിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. അതോടൊപ്പം ഞാൻ നേരത്തെ പറഞ്ഞതുപോലെ 4758 ഏക്കർ ഭൂമിയിലേക്ക് ഇത് എത്തിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ആധുനിക രീതിയിലുള്ള സ്മാർട്ട് കൃഷിരീതികൾ ആയിരിക്കും അവിടെ അവലംബിക്കുന്നത്. അതിനുവേണ്ടി എല്ലാവിധ പിന്തുണയും സംസ്ഥാന സർക്കാർ നൽകുന്നതാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, വിവിധ വിഭാഗം ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ച സംസ്ഥാനമാണ് കേരളം. അന്നം തരുന്ന കർഷകന് ഒരു ക്ഷേമനിധി ബോർഡ് വേണമെന്നത് നമ്മുടെ വലിയ ഒരു സങ്കൽപമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നുവെങ്കിലും അത് യാഥാർത്ഥ്യമാക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. കർഷകർക്ക് ഒരു ക്ഷേമനിധി ബോർഡ് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി അടിയന്തരമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കർഷകക്ഷേമനിധി ബോർഡ് യാഥാർഥ്യമായിട്ടുണ്ട്. അംഗങ്ങളെ രജിസ്റ്റർ ചെയ്യിക്കുന്ന നടപടികൾ ആരംഭിച്ചെങ്കിലും അതിന്റെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് ചില തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. കർഷക ക്ഷേമത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് നേരത്തെ പറഞ്ഞിരുന്ന കാര്യങ്ങളിൽനിന്നും പിന്നോട്ട് പോകില്ല. കർഷക ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന യോഗ്യരായ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നേരത്തെ പ്രഖ്യാപിച്ച പ്രകാരം തന്നെ നൽകാനാണ് സർക്കാർ ആലോചിച്ചിരിക്കുന്നത്. അക്കാര്യം ഫലപ്രദമായി നടപ്പാക്കും. കാലതാമസം ഉണ്ടായിയെന്നത് അംഗീകരിക്കുന്നു. കാലതാമസം ഉണ്ടായത് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്ന കാര്യത്തിലാണ്. രജിസ്ട്രേഷൻ നടപടികളിലേക്ക് കടന്നിട്ടുണ്ട്. വളരെ വേഗത്തിൽതന്നെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സംവിധാനമാക്കി അതിനെ മാറ്റുന്നതായിരിക്കും.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, അടുത്ത വർഷം അതികഠിനമായ വരൾച്ച ഉണ്ടാകുമെന്നാണ് റിപ്പോർട്ട് വന്നത്. പ്രധാനമായും കോഴിക്കോട് ജില്ലയിൽ അതികഠിനമായ വരൾച്ച ഉണ്ടാകുമെന്ന് പ്രസ്തുത റിപ്പോർട്ടിൽ

സൂചിപ്പിച്ചിട്ടുണ്ട്. ജലസേചനം വിളകളുടെ ഉൽപാദനം വർധിപ്പിക്കുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ ജലസേചനത്തോടൊപ്പം വളപ്രയോഗം നടത്തി ഉൽപാദനചെലവ് കുറച്ച് വിള ഉൽപാദനം വർധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

<u>ശ്രീ. പി. പ്രസാദ്</u>: സർ, 2018 മുതൽ കേരളത്തിന്റെ കാലാവസ്ഥയിൽ അപ്രവചനീയമായൊരു മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. 2018-ലെ പ്രളയമാണ് നമ്മുടെ മുന്നിൽ കണ്ട ഏറ്റവും വലിയൊരു പ്രശ്നം. ഇത് കർഷകർ കാലാകാലങ്ങളായി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന കാർഷിക കലണ്ടറിന്റെ രീതികളെ താളം തെറ്റിക്കുകയാണ് ചെയ്തത്. ശാസ്ത്രീയമായതും കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ കൃഷിരീതികൾ അവലംബിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് തന്നെയാണ് ഗവൺമെന്റ് നീങ്ങിയിട്ടുള്ളത്. അതിന്റെ ഭാഗമായുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം ജലസേചനത്തിന്റെ കാര്യം പറഞ്ഞു, ഇഷ്ടംപോലെ ജലം ഉപയോഗിക്കുകയെന്നതായിരുന്നു നേരത്തെയുള്ള രീതി, എന്നാലിപ്പോൾ ആ രീതിക്ക് മാറ്റം വന്നിട്ടുണ്ട്. ഓട്ടോമേറ്റഡ് ഫെർട്ടിഗേഷൻ

സിസ്റ്റത്തിൽ ജലസേചനത്തോടൊപ്പം വളങ്ങൾ കൃത്യമായ അളവിൽ സസ്യങ്ങൾക്ക് നൽകുന്നത് സ്മാർട്ട് കൃഷി സാങ്കേതികവിദ്യയാണ്. ഇത് വിഭവനഷ്ടം കുറയ്ക്കുകയും വിളവ് വർധിപ്പിക്കുകയും മണ്ണിന്റെ ഗുണനിലവാരം സംരക്ഷിക്കുകയും ചെയ്യും. കൃഷിവകുപ്പും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും ചേർന്ന് ' Per Drop More Crop' പദ്ധതി വഴി ഫെർട്ടിഗേഷൻ സിസ്റ്റങ്ങൾ സ്ഥാപിക്കാനുള്ള പിന്തുണ കർഷകർക്ക് നൽകുന്നുണ്ട്. ജലവും വളവും നിയന്ത്രിതമായി വിളകൾക്ക് നൽകാൻ കഴിയുന്ന ' PRIVA COMPASS' പോലെയുള്ള സ്മാർട്ട് കംപ്യൂട്ടർ അധിഷ്ഠിത നിയന്ത്രണ സംവിധാനങ്ങൾ അമ്പലവയലിലെ സെന്റർ ഓഫ് എക്സലൻസിൽ കർഷകർക്ക് പരിചയപ്പെടുത്തുന്നുണ്ട്. കേരള കാർഷിക സർവകലാശാലയുടെയും കൃഷിവകുപ്പിന്റെയും മാതൃകാകൃഷിയിടങ്ങളിൽ ഇത്തരം പ്രദർശനങ്ങൾ നടത്തുന്നുണ്ട്. ഇത് കർഷകർക്ക് സാങ്കേതിക വിദ്യ സ്വീകരിക്കാൻ പ്രചോദനമാകുന്നു. പോളി ഹൗസുകളിൽ പച്ചക്കറി, പൂക്കൾ എന്നിവ വളർത്തുന്ന കർഷകർ നിലവിൽ ഈ സംവിധാനം ഉപയോഗിച്ച് ഉൽപാദനക്ഷമത വർധിപ്പിക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന പദ്ധതിയായ RKVY, Per Drop More Crop എന്നീ പദ്ധതികളുടെ ഭാഗമായി ജലസേചന

സംവിധാനത്തോടൊപ്പം വളപ്രയോഗവും ഏകോപിപ്പിക്കുന്നതിനായി നിരവധി ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സൂക്ഷ്മ ജലസേചന മാർഗങ്ങൾ അവലംബിക്കാൻ സഹായം നൽകുന്നതിനോടൊപ്പം വളപ്രയോഗത്തിനുള്ള ഫെർട്ടിഗേഷൻ സംവിധാനത്തിനുള്ള സഹായവും പദ്ധതിയുടെ ഭാഗമായി നൽകുന്നുണ്ട്. 40 മുതൽ 50 ശതമാനം വരെ ജലം ലാഭിക്കുന്നതിനും ജലവും വളവും കൃത്യമായി നൽകുന്നതിനും ഈ ഫെർട്ടിഗേഷനിലൂടെ കഴിയുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം ' Per Drop More Crop' പദ്ധതിക്കായി 100 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ചെറുകിട നാമമാത്ര കർഷകർക്ക് ചെലവിന്റെ 55 ശതമാനം വരെയും മറ്റുകർഷകർക്ക് 45 ശതമാനം വരെയും പദ്ധതി നിബന്ധനകൾക്ക് വിധേയമായി ധനസഹായം ലഭിക്കും. കേരഗ്രാമം നടപ്പാക്കുന്ന പഞ്ചായത്തുകളിലെ കർഷകർക്ക് ഇതിനുപുറമേ 30 ശതമാനം അധിക ധനസഹായംകൂടി ലഭ്യമാക്കുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയും. പരമാവധി 5 ഹെക്ടർ വരെ ആനുകൂല്യം ലഭിക്കും. അസംരക്ഷിത വനമേഖലയിൽ കൃഷിചെയ്യുന്ന കർഷകർക്ക് 90 ശതമാനം വരെ സബ്സിഡി ലഭിക്കുന്നതാണ്. ജലസേചനസ്രോതസുകളുടെ വികസനം, പമ്പിങ് ആവശ്യങ്ങൾ തുടങ്ങിയവയ്ക്കും ഓട്ടോമേഷൻ

സംവിധാനം ഉൾപ്പെടുത്തുന്നതിനും പ്രത്യേക ധനസഹായം ലഭിക്കുന്ന തരത്തിലാണ് പദ്ധതികൾ ഇപ്പോൾ നമ്മൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

ശ്രീ. വി. ആർ. സുനിൽകുമാർ: സർ, സംസ്ഥാനത്ത് ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ് തുടങ്ങിയ കൃഷിരീതികൾ ഉൾപ്പെടുത്തി അർബൻ അഗ്രികൾച്ചർ പ്രോത്സാഹിപ്പിക്കുന്നതിനും ഡ്രോണുകളുടെ സഹായത്തോടെയുള്ള കൃഷിരീതികൾ അവലംബിക്കുന്നതിനും എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിവരുന്നു?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ കാലാകാലങ്ങളായി ചെയ്തുകൊണ്ടിരുന്ന കൃഷിരീതികളിൽനിന്നും വലിയ മാറ്റം വരികയാണ്. ശാസ്ത്രസാങ്കേതികവിദ്യയുടെ വികാസത്തിന്റെ ഭാഗമായി ഇന്നുപയോഗത്തിലിരിക്കുന്ന കൃഷിരീതികളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെപ്പറഞ്ഞത്. ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ് എന്നീ കൃഷിരീതികൾ നമുക്ക് അത്രവലിയ പരിചയം ഇല്ലാതെയിരുന്ന മേഖലകളാണ്. മണ്ണില്ലാതെ കൃഷി സാധ്യമല്ലെന്ന് കരുതിയയിടത്തുനിന്ന് മണ്ണിന്റെ ആവശ്യമില്ലാതെ കൃഷി ചെയ്യാൻ കഴിയുമെന്നും കൂടുതൽ ഉൽപാദനം ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നും തെളിയിക്കപ്പെട്ട

കൃഷിരീതികളാണ് എയ്റോപോണിക്സ് പോലെയുള്ള സംവിധാനങ്ങൾ. നമ്മുടെ സാമൂഹിക ജീവിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച നഗരകൃഷി ഏറ്റവും പ്രാധാന്യമേറിയ ഒന്നായി മാറിയിരിക്കുകയാണ്. നഗരത്തിലെ കൃഷി രീതികളായിരുന്ന ഗ്രോ ബാഗ് കൃഷി, മട്ടുപ്പാവിലെ കൃഷി, വെർട്ടിക്കൽ ഫാമിംഗ്, കൂൺ കൃഷി തുടങ്ങിയവ ഇന്ന് സ്മാർട്ട് കൃഷിക്ക് വഴിമാറിക്കൊണ്ടിരിക്കുകയാണ്. ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ്, അക്വാപോണിക്സ് തുടങ്ങിയവ നമ്മുടെ സംസ്ഥാനത്തും വലിയ തോതിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. മണ്ണിന്റെ ആവശ്യം തീരെയില്ലാത്ത ചെടികൾക്ക് ആവശ്യമായ പോഷകങ്ങൾ ചേർന്നിട്ടുള്ള വെള്ളത്തിൽ ഇലക്കറികളും മറ്റും വളർത്തുന്ന രീതിയാണ് ഹൈഡ്രോപോണിക്സ്. ഹൈഡ്രോപോണിക്സ് കൃഷിയോടൊപ്പം മത്സ്യകൃഷി കൂടി സംയോജിപ്പിക്കുന്നതാണ് അക്വാപോണിക്സ്. മത്സ്യങ്ങളിൽനിന്ന് ഉണ്ടാകുന്ന അവശിഷ്ടം ചെടികൾക്ക് ആഹാരമായി മാറുന്ന രീതിയാണ് അവിടെയുള്ളത്. ചെടികൾ വെള്ളത്തെ ശുദ്ധീകരിച്ച് മത്സ്യങ്ങൾക്ക് നല്ല ആവാസവ്യവസ്ഥയെ സൃഷ്ടിക്കും. ഇതാണ് ഈ രീതിയിലുള്ള കൃഷിയുടെ അടിസ്ഥാനം. മണ്ണിലും വെള്ളത്തിലുമല്ലാതെ

അന്തരീക്ഷത്തിൽ സസ്യങ്ങളുടെ വേരുകളിലേക്ക് പോഷകങ്ങളും വെള്ളവും 'മിസ്റ്റ്' രൂപത്തിലിടുന്ന അത്യാധുനിക സംവിധാനമാണ് എയ്റോപോണിക്സ് എന്നത്. ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ് എന്നിവ സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ വഴി ഈ വർഷം മുതൽ വ്യാപകമായി നടപ്പാക്കും. ഇതിൽ താൽപര്യമുള്ളവർക്ക് കേരള കാർഷിക സർവകലാശാല വഴി പരിശീലനം നൽകാനും തുടർന്ന് ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പാക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഒരു ചതുരശ്രമീറ്ററിന് 350/- രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 50 ശതമാനം തുക ഹോർട്ടികൾച്ചർ മിഷൻ ഗുണഭോക്താക്കൾക്ക് സബ്സിഡിയായി നൽകും. ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനവും സൗജന്യമായി നൽകുന്നുണ്ട്. തുടർന്ന്, തുടക്കമെന്ന നിലയിൽ 2025-26 വർഷത്തിൽ 40000 ചതുരശ്രമീറ്റർ ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ് യൂണിറ്റുകൾ നടപ്പിലാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈഡ്രോപോണിക്സ്

യൂണിറ്റുകൾക്കുള്ള ധനസഹായമായി 35 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ടിഷ്യൂ കൾച്ചർ സാങ്കേതിക വിദ്യയിലൂടെ മികച്ച രോഗപ്രതിരോധ ശേഷിയും ഉൽപ്പാദനക്ഷമതയുമുള്ള ഉരുളക്കിഴങ്ങ് ഉൽപാദിപ്പിക്കുന്നതിനും എയ്റോപോണിക്സ് സാങ്കേതിക വിദ്യ കൈമാറ്റത്തിനും പഞ്ചാബിലെ ഹോർട്ടികൾച്ചർ വകുപ്പിലെ മന്ത്രിയുമായും അവിടത്തെ ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയിരുന്നു. പഞ്ചാബ് സർക്കാരുമായി ഒരു ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വലിയ ബിസിനസ് സംരംഭങ്ങളായി ഹൈഡ്രോപോണിക്സും എയ്റോപോണിക്സും മാറുകയാണ്. കൊല്ലം ജില്ലയിലെ വെട്ടിക്കവലയിലെ അമൽ എന്ന് പേരുള്ള യുവാവ് 2000 ചതുരശ്രമീറ്ററിൽ സ്ഥാപിച്ചിട്ടുള്ള ഹൈഡ്രോപോണിക്സ് യൂണിറ്റിൽനിന്നും അയാൾക്ക് ലഭിക്കുന്ന ശരാശരി മാസവരുമാനം 5 ലക്ഷം രൂപയാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ വലിയ തോതിൽ വ്യാവസായികാടിസ്ഥാനത്തിൽ വലിയ ബിസിനസ് സംരംഭങ്ങൾ ഉണ്ടാകുന്ന തരത്തിൽ കേരളം എത്തുന്നുണ്ട്. കേരള കാർഷിക സർവകലാശാല നടത്തിയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ

ഡ്രോണുകൾ ഉപയോഗിച്ചുള്ള സൂക്ഷ്മ മൂലക കൂട്ടുകളും ജൈവകീടനാശിനികളും തളിക്കുന്നതിന് ഏറെ പ്രയോജനകരമാണെന്ന് കണ്ടെത്തുകയും ഈ നൂതനസാങ്കേതികവിദ്യ കേരളത്തിലെ എല്ലാ കാർഷിക മേഖലകളിലും കൃഷി വകുപ്പും കാർഷിക സർവകലാശാലയും പരിചയപ്പെടുത്തുകയും കർഷകർ ഈ സാങ്കേതികവിദ്യ സർവാത്മനാസ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ എഫ്.പി.ഒ.-കൾ, യുവാക്കൾ, കുടുംബശ്രീ, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവ ഡ്രോണുകൾ ഒരു പുത്തൻ സംരംഭമെന്നുകണ്ട് ഡ്രോൺ പൈലറ്റ് ലൈസൻസ് നേടുകയും കർഷകർക്കായി ഡ്രോൺ സേവനങ്ങൾ ചെയ്തുവരികയും ചെയ്യുന്നുണ്ട്. നെൽവിത്ത് വിതയ്ക്കുന്നതിനും ഡ്രോണുകൾ ഫലപ്രദമാണെന്ന് കണ്ടെത്തുകയും കുട്ടനാടൻ മേഖലയിൽ വിത്ത് വിതയ്ക്കുന്നതിന് ഡ്രോണുകൾ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൃഷിയിടങ്ങളിലെ രോഗകീട പ്രശ്നങ്ങളെ ഡ്രോണുകൾ ഉപയോഗിച്ച് നേരത്തെതന്നെ തിരിച്ചറിയുന്നതിനുള്ള ഗവേഷണങ്ങൾ കാർഷിക സർവകലാശാലയിൽ നടന്നുവരുന്നു. ഡ്രോൺ പൈലറ്റ് ലൈസൻസ് നേടുന്നതിനുള്ള കേന്ദ്രങ്ങൾ കേരളത്തിലിപ്പോൾ നിലവിലുണ്ട്. ഡ്രോൺ മേഖലയിൽ പ്രവർത്തിക്കുന്ന കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾ

തദ്ദേശീയമായി ഡ്രോൺ നിർമ്മിക്കാനുള്ള ടൈപ്പ് സർട്ടിഫിക്കറ്റ് നേടുകയും ഡ്രോൺ നിർമ്മിച്ച് രാജ്യത്ത് അങ്ങോളമിങ്ങോളം വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ‘ SMAM’ പദ്ധതി പ്രകാരം 14 കർഷക സംഘടനകൾ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ കമ്പനികൾക്ക് ഡ്രോൺ നൽകിയിട്ടുണ്ട്. നെൽക്കൃഷി വികസനത്തിന്റെ ഭാഗമായി ഡ്രോൺ മുഖേനയുള്ള സൂക്ഷ്മമൂലക പ്രയോഗത്തിന് പിന്തുണ നൽകിവരുന്നുണ്ട്. നടപ്പുസാമ്പത്തികവർഷം 421.67 ലക്ഷം രൂപ ഇതിനായി നീക്കിവച്ചിട്ടുമുണ്ട്.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, എന്റെ ചോദ്യം, കൃഷിയുമായി ബന്ധപ്പെട്ട ഡിജിറ്റൽ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി രൂപകല്പന ചെയ്തിട്ടുള്ള 'കതിർ ആപ്പ്'-ന് കർഷകർക്കിടയിൽ പ്രചാരം ലഭിച്ചിട്ടുണ്ടോ; എന്തെല്ലാം സേവനങ്ങളാണ് ഇതിലൂടെ കർഷകർക്ക് ലഭിക്കുന്നത്; കർഷകന്റെയടുത്ത് നേരിട്ടെത്തി ഡിജിറ്റൽ സേവനങ്ങൾ ചെയ്യുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ നടത്താമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, 23 മൊഡ്യൂളുകളുള്ള ഏറ്റവും ആധുനികമായൊരു സംവിധാനമാണ് കതിർ ആപ്പിലൂടെ നൽകുന്നത്. ഇതിനോടകം 12.7 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശരാശരി

ഉപയോഗ സമയവും സ്ഥിരമായ ലോഗിൻ സെഷനും കാണിക്കുന്നത്, കർഷകർ ആപ്പിലൂടെ സേവനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നാണ്. മെച്ചപ്പെട്ട സേവനം കർഷകർക്ക് ലഭ്യമാകുന്നുണ്ട്.

(ചോദ്യോത്തരവേള അവസാനിച്ചു.)